# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എഴുകോൺ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P6/765/2021 dated 02- 07- 2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 02/07/2021
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എഴുകോൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 3-1,3-2 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ:  KSA/KLM/P6/765/2021 dated 02- 07- 2021        തീയ്യതി:  02/07/2021

# കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-12-2019 മുതൽ 28-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.സൈമൺ | ഡെപ്യൂട്ടി ഡയറക്ടർ | 18-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ്കുമാർ പി ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.ശശിജോഷ്ഓഡിറ്റ് ഓഫീസർ
ശ്രീമതി.മഞ്ജുള സാഗർ ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.അമ്പിളി.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.റജിന എ.എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അംബികാ സുരേന്ദ്രൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. ജിജിമോൾ അലക്സ് | സെക്രട്ടറി | 01-04-2019 | 26-06-2019 |
| ശ്രീമതി. സുശീല ഇ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-06-2019 | 17-07-2019 |
| ശ്രീ. ജ്യോതിരാജ്.എം | സെക്രട്ടറി | 18-07-2019 | 20-07-2019 |
| ശ്രീമതി. സുശീല ഇ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-07-2019 | 21-07-2019 |
| ശ്രീ. .എം. വിജയൻ | സെക്രട്ടറി | 22-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുശീല ഇ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. സന്ധ്യ വി എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീ. സജി കെ വി | അഗ്രികൾച്ചർ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ദീപ ഗോപിനാഥ് | വെറ്റിനറി സർജൻ | 01-04-2019 | 24-01-2020 |
| ശ്രീമതി. മോളി വർഗ്ഗീസ് | വെറ്റിനറി സർജൻ | 25-01-2020 | 31-03-2020 |
| ശ്രീമതി. ശ്രീകുമാരി .കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 30-06-2019 |
| ശ്രീമതി. പ്രഭ.ജെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-07-2019 | 18-12-2019 |
| ശ്രീമതി. രമാദേവി അമ്മ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 19-12-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.സൂസൻ | മെഡിക്കൽഓഫീസർ(ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി.സ്മിത. ബി. എസ് | മെഡിക്കൽഓഫീസർ(അലോപ്പതി) | 01-04-2019 | 31-03-2020 |
| ശ്രീമതി. ബിന്ദു ജെ | വി.ഇ.ഒ.1 | 01-04-2019 | 25-11-2019 |
| ശ്രീമതി. ഷൈനി പി എസ് | വി.ഇ.ഒ.1 ഇൻ-ചാർജ്ജ് | 26-11-2019 | 10-12-2019 |
| ശ്രീ. പ്രദീപ് കുമാർ | വി.ഇ.ഒ.1 | 11-12-2019 | 31-03-2020 |
| ശ്രീമതി.സോമവല്ലി .എ◌ം | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-05-2019 |
| ശ്രീമതി.സൂസമ്മ മാത്യു | ഹെഡ്മിസ്ട്രസ് | 01-06-2019 | 31-03-2020 |
| ശ്രീമതി. ഷൈനി പി എസ് | വി.ഇ.ഒ.2 | 01-04-2019 | 31-03-2020 |
| ശ്രീമതി. ആശ സി.പി | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: G.Ambili (Senior Grade Auditor, On 22-06-2021)<br>Last Updated By: Pradeep Kumar P (Audit Officer (HG), On 02-07-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: G.Ambili (Senior Grade Auditor, On 22-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക-അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-2-1 |
| 4 | വാർഷിക ധനകാര്യപത്രിക-അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-2-2 |
| 5 | വാർഷിക ധനകാര്യപത്രിക-അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 25-06-2021)<br>Last Updated By: Pradeep Kumar P (Audit Officer (HG), On 02-07-2021) | 1-2-3 |
| 6 | വാർഷിക ധനകാര്യപത്രിക-അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 25-06-2021)<br>Last Updated By: Pradeep Kumar P (Audit Officer (HG), On 02-07-2021) | 1-2-4 |
| 7 | വാർഷിക ധനകാര്യപത്രിക-അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-2-5 |
| 8 | സാമ്പത്തിക വിശകലനം<br>Written By: G.Ambili (Senior Grade Auditor, On 22-06-2021)<br>Last Updated By: Pradeep Kumar P (Audit Officer (HG), On 02-07-2021) | 1-3 |
| 9 | ഗ്രാന്റ് സ്റ്റേറ്റ് മെന്റ്<br>Written By: G.Ambili (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-4 |
| 10 | ഗ്രാന്റ്സ്റ്റേറ്റ്മെന്റ്- വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല<br>Written By: G.Ambili (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-4-1 |
| 11 | ലഭ്യമായ ഗ്രാന്റിൽ 10798946/- രൂപ ലാപ്സായി<br>Written By: G.Ambili (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-4-2 |
| 12 | പദ്ധതി അവലോകനം<br>Written By: A.Sasijosh (Audit Officer, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-5 |
| 13 | സുലേഖാ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള തുകയും സാംഖ്യ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല<br>Written By: A.Sasijosh (Audit Officer, On 25-06-2021)<br>Last Updated By: Pradeep Kumar P (Audit Officer (HG), On 02-07-2021) | 1-5-1 |
| 14 | തൊഴിലുറപ്പ് പദ്ധതി<br>Written By: Pradeep Kumar P (Audit Officer (HG), On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-6 |
| 15 | ക്ഷേമ പദ്ധതികൾ<br>Written By: Manjula Sagar (Asst. Audit Officer, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-7 |
| 16 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ- പെൻഷണറുടെ മരണശേഷവും പെൻഷൻ നിർത്തലാക്കാത്ത അവസ്ഥ.<br>Written By: Manjula Sagar (Asst. Audit Officer, On 24-06-2021)<br>Last Updated By: Manjula Sagar (Asst. Audit Officer, On 02-07-2021) | 1-7.1 |

| | | |
|---|---|---|
| 17 | ക്യാഷ് പരിശോധന<br>Written By: A.Sasijosh (Audit Officer, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണം<br>Written By: Pradeep Kumar P (Audit Officer (HG), On 26-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: A.Sasijosh (Audit Officer, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-10 |
| 20 | തുമ്പൂർമൂഴി മോഡൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് നിർമ്മാണം: അധിക ചെലവ് 286400/-രൂപ തിരികെ ഒടുക്കി.<br>Written By: Pradeep Kumar P (Audit Officer (HG), On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-11 |
| 21 | കരാറുകാരന് ക്വോട്ടു ചെയ്തിരുന്നതിലും അധികമായി 14354/- രൂപ നൽകിയിരുന്നത് തിരികെ ഈടാക്കി ഒടുക്കുവരുത്തി.<br>Written By: Pradeep Kumar P (Audit Officer (HG), On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-12 |
| 22 | മെഡിക്കൽ എക്യുപെന്റ് പൂർണ്ണമായും ലഭിച്ചില്ല.<br>Written By: Manjula Sagar (Asst. Audit Officer, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-13 |
| 23 | സമത്വ ജംഗ്ഷൻ-മഠത്തിലഴികം ഭാഗം പാറയിൽ ലക്ഷംവീട് പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ-17920/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.<br>Written By: Pradeep Kumar P (Audit Officer (HG), On 25-06-2021)<br>Last Updated By: Pradeep Kumar P (Audit Officer (HG), On 02-07-2021) | 1-14 |
| 24 | സ്ഥാപന തൊഴിൽ നികുതി - അപാകത<br>Written By: Rajina A.S (Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-15 |
| 25 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി: പദ്ധതിപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകണം.<br>Written By: Pradeep Kumar P (Audit Officer (HG), On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-16 |
| 26 | വൃദ്ധർക്ക് കട്ടിൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Manjula Sagar (Asst. Audit Officer, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-17 |
| 27 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി<br>Written By: Manjula Sagar (Asst. Audit Officer, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-18 |
| 28 | എസ്എസ്എ ഫണ്ട് ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിയ്ക്കുന്നു<br>Written By: G.Ambili (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-19 |
| 29 | വീട് വാസയോഗ്യമാക്കൽ ജനറൽ -പണി പൂർത്തിയാക്കിയില്ല<br>Written By: G.Ambili (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-20 |
| 30 | അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്ന തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റണം. | 1-21 |

| | | |
|---|---|---|
| | Written By: Pradeep Kumar P (Audit Officer (HG), On 26-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | |
| 31 | അനുവദിക്കാവുന്നതിലും അധികം ആർജ്ജിതാ അവധി പണമാക്കാൻ അനുവദിച്ചു.6658/- രൂപ തിരികെ ഈടാക്കിയിട്ടില്ല<br>Written By: G.Ambili (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-22 |
| 32 | രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല, 1,20,600/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Manjula Sagar (Asst. Audit Officer, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-23 |
| 33 | കുടിവെള്ള വിതരണം - കരാറുകാരനിൽനിന്നും ജി.എസ്.ടി ഈടാക്കിയിട്ടില്ല<br>Written By: G.Ambili (Senior Grade Auditor, On 26-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-24 |
| 34 | ചെലവു വിവരങ്ങൾ ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു<br>Written By: G.Ambili (Senior Grade Auditor, On 26-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-25 |
| 35 | ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല<br>Written By: G.Ambili (Senior Grade Auditor, On 26-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-26 |
| 36 | വാടക കുടിശ്ശിക ഈടാക്കുന്നതിലെ അപാകത<br>Written By: Rajina A.S (Auditor, On 26-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-27 |
| 37 | സബ് രജിസ്ട്രാർ ഓഫീസ്- വാടക കരാർ രജിസ്റ്റർ ചെയ്ത് വാടക ഈടാക്കുന്നില്ല<br>Written By: Rajina A.S (Auditor, On 26-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-27.1 |
| 38 | പാലിന്റെ അളവ് അധികമായി രേഖപ്പെടുത്തി സബ്സിഡി നൽകി.<br>Written By: A.Sasijosh (Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-28 |
| 39 | പാലിന് സബ്സിഡി-തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം അനുവദനീയമായതിലും അധിക നിരക്കിൽ നല്കി.<br>Written By: A.Sasijosh (Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-29 |
| 40 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-പൂർത്തീകരണ വിവരങ്ങൾ ഇല്ല.<br>Written By: A.Sasijosh (Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-30 |
| 41 | കുടിവെള്ളപദ്ധതിയ്ക്കായി തുകനിക്ഷേപിച്ച് മൂന്ന് വർഷമായെങ്കിലും ആദ്യഘട്ടംപോലും പൂർത്തിയായില്ല,എസ്റ്റിമേറ്റിലും പിഴവുകൾ.<br>Written By: A.Sasijosh (Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-31 |
| 42 | തെരുവു വിളക്കുകൾക്കായി വാങ്ങിയ എൽ ഇ ഡി യൂണിറ്റുകൾ സ്ഥാപിച്ചതിനും സൂപ്പർ വിഷൻ ചാർജ് ഒടുക്കിയതിനും രേഖകളില്ല. | 1-32 |

| | | |
|---|---|---|
| | Written By: A.Sasijosh (Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | |
| 43 | തെരുവുവിളക്കുകൾക്കായി ലൈൻ ദീർഘിപ്പിയ്ക്കൽ-ധനവിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ഇല്ല.<br>Written By: A.Sasijosh (Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | അനുവദിക്കാവുന്നതിലും അധികം ആർജ്ജിതാ അവധി പണമാക്കാൻ അനുവദിച്ചു.6658/- രൂപ തിരികെ ഈടാക്കിയിട്ടില്ല<br>Written By: G.Ambili (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 3-1 |
| 2 | പാലിന്റെ അളവ് അധികമായി രേഖപ്പെടുത്തി സബ്സിഡി നൽകി.<br>Written By: Rajina A.S (Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 3-2 |
| 3 | സമത്വ ജംഗ്ഷൻ-മഠത്തിലഴികം ഭാഗം പാറയിൽ ലക്ഷംവീട് പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ - 17920/- രൂപ നിരാകരിക്കുന്നു.<br>Written By: Pradeep Kumar P (Audit Officer (HG), On 30-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 3-3 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Pradeep Kumar P (Audit Officer (HG), On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: A.Sasijosh (Audit Officer, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajina A.S (Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajina A.S (Auditor, On 24-06-2021)<br>Last Updated By: Rajina A.S (Auditor, On 24-06-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: G.Ambili (Senior Grade Auditor, On 26-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Rajina A.S (Auditor, On 24-06-2021)<br>Last Updated By: Rajina A.S (Auditor, On 24-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajina A.S (Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajina A.S (Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajina A.S (Auditor, On 26-06-2021) | 4-9 |

| | | |
|---|---|---|
| | Last Updated By: Naseer S (Computer Assistant, On 02-07-2021) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajina A.S (Auditor, On 26-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajina A.S (Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 02-07-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | അനുബന്ധപത്രികകൾ | |

## ഭാഗം -1

### 1-1 ബജറ്റ്

27.02.19 തീയതിയിലെ 1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 13-07-2020 | - | - |

### 1-2-1 വാർഷിക ധനകാര്യപത്രിക-അപാകതകൾ

RP40(B) പ്രകാരം 570534/- രൂപ SSAയ്ക്ക് വേണ്ടിയുള്ള ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ B4 പത്രികയിൽ 549218/- രൂപ മാത്രമാണ് ലയബിലിറ്റിയായി ഉൾപ്പെടുത്തിയിരിക്കുന്നത്.

### 1-2-2 വാർഷിക ധനകാര്യപത്രിക-അപാകതകൾ

എം.ജി.എൻ.ആർ ഇ.ജി.എസ്, ഐ.സി.ഡി.എസ് എന്നീ ഇനങ്ങളിൽ യഥാർത്ഥ വരവു ചെലവു തുകകളല്ല വാർഷികധനകാര്യ പത്രികയിൽ RP34 പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 1-2-3 വാർഷിക ധനകാര്യപത്രിക-അപാകതകൾ

Other Earmarked Special Funds എന്ന പേരിൽ വരവു വന്നിരിക്കുന്ന 332480/- രൂപ ചെലവായെങ്കിലും ബി 2 ഷെഡ്യൂളിൽ (311100199 എന്ന ഹെഡിൽ) ലൈയബിലിറ്റി ആയി കാണിച്ചിരിക്കുന്നു.

### 1-2-4 വാർഷിക ധനകാര്യപത്രിക-അപാകതകൾ

തൻവർഷാവസാനം ഹഡ്കോയിൽ ഒടുക്കുവാൻ ബാദ്ധ്യതയായി അവശേഷിക്കുന്ന തുക 1,72,30,000/-രൂപയാണെങ്കിലും വാർഷികകണക്കുകൾ പ്രകാരം ബി-5 പത്രികയിൽ 1,67,30,000/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബി-16 പത്രികയിൽ പ്രീപെയ്ഡ് പ്രോഗ്രാം ഇനത്തിൽ 1,21,73,000/- രൂപ മാത്രമാണ് ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം 1,84,80,000/- രൂപയാണ് വരവും ചെലവും.

### 1-2-5 വാർഷിക ധനകാര്യപത്രിക-അപാകതകൾ

മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ ആകെ ചെലവഴിച്ചിരിക്കുന്ന തുക 5440149/- രൂപായാണ്. എന്നാൽ വാർഷികകണക്കുകൾ പ്രകാരം (RP 20) മെയിന്റനൻസ് പ്രോജക്ട് റോഡ് ചെലവ് ചുവടെ ചേർക്കും പ്രകാരം ആണ്.

| ഇനം | തുക |
|---|---|
| സിമന്റ് കോൺക്രീറ്റഡ് | 84,00,337/- |
| ടാർഡ് | 7,78,868/- |
| എർത്തേൺ | 14,111 |
| ആകെ | 91,93,316 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19450420/- രൂപ |
| വരവ് | 68710563/- രൂപ |
| ആകെ | 88160983/- രൂപ |
| ചെലവ് | 74247641/- രൂപ |
| നീക്കിയിരിപ്പ് | 13913342/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 45871/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 528639/- രൂപ |

## 1-4 ഗ്രാന്റ് സ്റ്റേറ്റ് മെന്റ്

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 1,23,16,000 | 1,23,16,000 | 9994806 | 2321194 | 1195383 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10274000 | 10274000 | 8735394 | 1538606 | 1433700 |
| സി.എഫ്.സി. അൺടൈഡ് | 0 | 9415321 | 9415321 | 7610376 | 1804945 | 1748458 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 7948000 | 7948000 | 5440149 | 2507851 | 2470270 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 3886000 | 3886000 | 1259650 | 2626350 | 2257748 |
| സമ്പൂർണ്ണ ശുചിത്വം | 2072547 | 27479 | 2100026 | 1231921 | 868105 | 0 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 0 | 6800000 | 68,00,000 | 68,00,000/- | | |
| കേരളോൽസവം | 0 | 20,000/- | 20,000/- | 20,000/- | | |
| ഐ.സി.ഡി.എസ് | 827662 | 643313* | 1470975 | 483513 | 987462 | |
| എൻ.ആർ.ഇ.ജി.എസ് | 2712 | 1890565* | 1893277 | 1513922 | 379355 | |
| എസ്.എസ്.എ | 550163** | 20371 | 570534 | - | 570534 | |
| ലൈബ്രറി ഗ്രാന്റ് | 0 | 23520 | 23520 | - | 23520 | |

*വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വരവു തുക തെറ്റാണ്.

**ബി-4 പത്രികയിൽ എസ്.എസ്.എ നീക്കിബാക്കിയായി ഉൾപ്പെടുത്തിയിരിക്കുന്ന തുക തെറ്റാണ്.

*** നീക്കിയിരിപ്പ്/ലാപ്സായ തുകയിൽ 2019-2020 വർഷത്തെ ക്യൂബിൽ തുക കൂടി ഉൾപ്പെട്ടതാണ്.

1-4-1 ഗ്രാന്റ്സ്റ്റേറ്റ്മെന്റ്- വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട് (ജനറൽ), സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നിവയുടെ കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. പൊരുത്തപ്പെടാത്ത ഇനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

സെൻട്രൽ സ്പോൺസേർഡ് സ്കീം

എ) എ.എഫ്. എസ് പ്രകാരമുള്ള വിവരം

| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | |
|---|---|---|---|---|---|
| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| എൻ.ആർ.ഇ.ജി.എസ് | 2712 | 1890565 | 1893277 | 1513922 | 379355 |
| ICDS സെൻട്രൽ ഷെയർ | 827662 | 643313 | 1470975 | 483513 | 987462 |
| ശുചിത്വമിഷൻ | 2072547 | 27479 | 2100026 | 1231921 | 868105 |
| എസ്.എസ്.എ | 550163 | 20371 | 570534 | - | 570534 |

ബി) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0 | 0 | 0 | 1268607 | -1268607 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഫണ്ടിനം തിരിച്ച വ്യക്തമാക്കിയിട്ടില്ല. സെക്ടർ തിരിച്ചുള്ള വിവരത്തിൽ സേവന മേഖലയിലെ 4 പ്രോജക്ടുകൾക്കായി അനുവദിച്ച 9018600/- രൂപയിൽ 1268607/- രൂപ വിനിയോഗിച്ചതായും 7749993/- രൂപ നീക്കിയിരിപ്പുള്ളതായും കാണിച്ചിട്ടുണ്ട്.

സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം

എ) എ.എഫ്. എസ് പ്രകാരമുള്ള വിവരം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കേരളോൽസവം | 0 | 20,000/- | 20,000/- | 20,000/- | |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 0 | 6800000 | 68,00,000 | 68,00,000/- | |
| ലൈബ്രറി ഗ്രാന്റ് | 0 | 23520 | 23520 | - | 23520 |

ബി) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 0 | 0 | 0 | 0 | 0 |

സെക്ടർ തിരിച്ചുള്ള വിവരത്തിൽ സേവന മേഖലയിലെ 2 പ്രോജക്ടുകൾക്കായി അനുവദിച്ച തുക 12000000/- രൂപയിൽ തുക ഒന്നും വിനിയോഗിച്ചിട്ടില്ലായെന്നും 12000000/- രൂപ നീക്കിയിരിപ്പുള്ളതായും കാണിച്ചിട്ടുണ്ട്. പശ്ചാത്തല മേഖലയിൽ ഒരു പ്രോജക്ടിനായി വന്ന 3,00,000/- രൂപ വിനിയോഗിച്ചിട്ടില്ല എന്നും കാണിച്ചിട്ടുണ്ട്.

1-4-2 ലഭ്യമായ ഗ്രാന്റിൽ 10798946/- രൂപ ലാപ്സായി

| ഗ്രാന്റ് | ലാപ്സായ തുക (രൂപ) |
|---|---|
| | |

| | |
|---|---|
| വികസനഫണ്ട് ജനറൽ | 2321194/- |
| വികസനഫണ്ട് (എസ്.സി.പി) | 1538606/- |
| സി.എഫ്.സി.അൺടൈഡ് | 1804945/- |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 2507851/- |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 2626350/- |

ആകെ – 10798946/-

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 191 | 108829994 | 122 | 50299241 | 58 | 11 | 63.87 |

(സുലേഖ സ്റ്റേറ്റ്മെന്റിലെ കണക്കുകളിലെ പൊരുത്തക്കേട് 1-5.1 ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്.)

1-5-1 സുലേഖാ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള തുകയും സാംഖ്യ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല

ലൈഫ് ഭവനപദ്ധതിയ്ക്ക് വേണ്ടി സാംഖ്യ പ്രകാരം ചെലവായ തുകയും സുലേഖാ സ്റ്റേറ്റ്മെന്റിലെ ചെലവു തുകയും പൊരുത്തപ്പെടുന്നില്ല.

വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | | സാംഖ്യ പ്രകാരമുള്ള യഥാർത്ഥ കണക്കുകൾ | |
|---|---|---|---|---|
| | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് |
| സംസ്ഥാനാ വിഹിത ഫണ്ട് | 1,20,00,000 | 0 | 1,20,00,000 | 68,00,000 |
| ലോൺ | 2,44,60,000 | 1,07,92,000 | 24460000 | 5180,000 |

വി.ഇ.ഒ നിർവഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (ജനറൽ) പ്രോജക്ട് നമ്പർ 75/20 എന്ന പ്രോജക്ടിന്റെ ചെലവിൽ സാംഖ്യ പ്രകാരം ചെലവായ തുകയും സുലേഖാ സ്റ്റേറ്റ്മെന്റിലെ ചെലവു തുകയും പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | സുലേഖാ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള തുക | | സാംഖ്യ പ്രകാരമുള്ള യഥാർത്ഥ കണക്കുകൾ | |
|---|---|---|---|---|
| | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് |
| തനതുഫണ്ട് | 868508 | 0 | 868508 | 4,60,000/- |

എച്ച്.എം നിർവ്വഹണം നടത്തിയ പത്താംതരം തുല്യതാ പദ്ധതിയുടെ സാംഖ്യ പ്രകാരം ചെലവായ തുകയും സുലേഖാ സ്റ്റേറ്റ്മെന്റിലെ ചെലവു തുകയും പൊരുത്തപ്പെടുന്നില്ല.
വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | | സാംഖ്യ പ്രകാരമുള്ള യഥാർത്ഥ കണക്കുകൾ | |
|---|---|---|---|---|
| | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് |
| തനത് ഫണ്ട് | 140000 | 0 | 140000 | 120600 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂപ) | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2712.30 | 1890565 | 1893277.3 | 1513922 | 379355.3 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 28986124* | 28986124 | 28986124 | 0 |

* വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക തെറ്റായതിനാൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 77040 | 110 |
| കർഷക തൊഴിലാളി പെൻഷൻ | 676200 | 128 |
| വിധവാ പെൻഷൻ | 5271600 | 1107 |
| വാർദ്ധക്യ കാലപെൻഷൻ | 8898900 | 2013 |
| വികലാംഗ പെൻഷൻ | 1553500 | 282 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 181200 | 38 |

## 1-7.1 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ- പെൻഷണറുടെ മരണശേഷവും പെൻഷൻ നിർത്തലാക്കാത്ത അവസ്ഥ.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ മരണപ്പെട്ട ചില വ്യക്തികൾക്ക് അവരുടെ മരണശേഷവും സാമൂഹ്യ പെൻഷൻ സസ്പെൻഡ് ചെയ്യാത്ത സ്ഥിതിയാണ്. സേവന സോഫ്റ്റ് വെയറിലൂടെ ലഭ്യമായ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണറുടെ പേര്/ പെൻഷൻ ഇനം/ പെൻഷൻ ഐ.ഡി | ആധാർ നം. | മരണപ്പെട്ട തീയതി | വിശദാംശങ്ങൾ | ഓഡിറ്റ് നിർദ്ദേശം |
|---|---|---|---|---|---|
| 1 | മീനാക്ഷി, വാർദ്ധക്യകാല | 390579015907 | 23.3.19 | എഴുകോൺ ഗ്രാമപഞ്ചായത്തിൽ | വെളിയം ഗ്രാമ പഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| | പെൻഷൻ/ 103370200129 | | | മരണപ്പെട്ട ഇദ്ദേഹത്തിന്റെ പേരിലുള്ള പെൻഷൻ 4/2019 വരെ വെളിയം ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. നിലവിൽ 5/019 മുതൽ തടഞ്ഞു വച്ചിരിക്കുകയാണെങ്കിലും നിർത്തലാക്കിയിട്ടില്ല. | അധികൃതരെ രേഖാമൂലം അറിയിക്കേണ്ടതാണ്. |
| 2 | ശ്യാമള, വാർദ്ധക്യകാല പെൻഷൻ/ 103190600533 | 912227347527 | 4.5.2019 | എഴുകോൺഗ്രാമ പഞ്ചായത്തിൽ മരണപ്പെട്ട ഇദ്ദേഹത്തിൻെറ പേരിലുള്ള പെൻഷൻ 7/2019 വരെ മേലില ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. നിലവിൽ 8/019 മുതൽ തടഞ്ഞു വച്ചിരിക്കുകയാണെങ്കിലും നിർത്തലാക്കിയിട്ടില്ല. | മേലില ഗ്രാമ പഞ്ചായത്ത് അധികൃതരെ രേഖാമൂലം അറിയിക്കേണ്ടതാണ്. |
| 3 | ഐസക്ക്. ജി വികലാംഗ പെൻഷൻ/ 103400400119 | 460244640203 | 2.5.2018 | 6/2018 മുതൽ 7/2019 വരെ 1500/-രൂപാ നിരക്കിൽ 28,500/-രൂപ പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. 8/2019 മുതൽ പെൻഷൻ തടഞ്ഞിട്ടുണ്ട്. | അനർഹമായി വിതരണം ചെയ്ത പെൻഷൻ തുകയായ 13,600/-രൂപ തിരികെ ഈടാക്കുന്നതിനും പെൻഷൻ നിർത്തലാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 4 | കെ. ജാനകി, വാർദ്ധക്യകാല പെൻഷൻ/ 103400200161 | 689220558946 | 20.5.2019 | 6/2019, 7/2019 വരെ 600/-രൂപ നിരക്കിൽ 2 മാസത്തേക്ക് 1200/-രൂപ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. | അനർഹമായി വിതരണം ചെയ്ത പെൻഷൻ തുകയായ 1,200/-രൂപ തിരികെ ഈടാക്കുന്നതിനും പെൻഷൻ നിർത്തലാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-6-21 ന് സ്ഥാപന തലവന്റെസാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 172891/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഫലപ്രാപ്തമല്ല. പദ്ധതി നിർവ്വഹണം മുതൽ വരവ് ചെലവ് കണക്കുകളുടെ അക്കൗണ്ടിങ്ങിൽ വരെ ഗുരുതരമായ അളവിൽ മേൽനോട്ടക്കുറവുണ്ടായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. എന്നാൽ വരവ് ചെലവുകൾ കൃത്യമായ ഹെഡ് ഓഫ് അക്കൗണ്ടുകളിലല്ലാതെ ബുക്ക് ചെയ്തിട്ടുള്ളതായി കാണുന്നു. കണക്കുകളുടെ റീകൺസീലിയേഷൻ കൃത്യമായി നടത്തി സൂക്ഷിക്കാത്തതും ഗുരുതര വീഴ്ചയാണ്. വിതരണം നടത്തിയ ചെക്കുകളുടെ കൗണ്ടർ ഫോയിലുകളും സ്റ്റേറ്റ്മെന്റുകളും സൂക്ഷിക്കുന്നില്ല എന്നത് കണക്കുകളുടെ തുടർന്നുള്ള കൃത്യതാ പരിശോധനകളെ അസാദ്ധ്യമാക്കുന്നു.

പഞ്ചായത്ത് കമ്മിറ്റിയുടെയും, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ഭാഗത്തുനിന്നും പദ്ധതി നിർവ്വഹണ അധികാരികൾക്കുമേൽ, പദ്ധതി നിർവ്വഹണം സംബന്ധമായി, കാര്യക്ഷമമായ മേൽനോട്ടവും നിയന്ത്രണങ്ങളുമുണ്ടായിട്ടില്ലായെന്നും വ്യക്തമാകുന്നു. വിവിധ ഏജൻസികൾ വഴി നിർവ്വഹണം സാദ്ധ്യമാക്കുന്ന പദ്ധതികളിൽ, പദ്ധതിതുക നിക്ഷേപിക്കുന്നതൊഴികെ, തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിലും അവയുടെ സമയബന്ധിതവും കാര്യക്ഷമവുമായ പൂർത്തീകരണത്തിലും അധികൃതർ ശ്രദ്ധപുലർത്തിയിട്ടില്ല. (ഖ.1-14, 1-30, 1-31 കണ്ടാലും) പദ്ധതി നിർവ്വഹണം സംബന്ധമായ ടെൻഡർ നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി അധികൃതരുടെ ഭാഗത്തുനിന്നും കൂടുതൽ ജാഗ്രതയുണ്ടാകേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28/11/2020 മുതൽ 30/11/2020 വരെ | 1/2020 മുതൽ 3/2020 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03/01/2019 | 2013-14 മുതൽ 2017-18 വരെ | 21/02/2019 |

## 1-11 തുമ്പൂർമൂഴി മോഡൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് നിർമ്മാണം: അധിക ചെലവ് 286400/-രൂപ തിരികെ ഒടുക്കി.

എഴുകോൺ ഗ്രാമപഞ്ചായത്തിൽ വരുന്ന 5 ഗവ: സ്കൂളുകളിലും, എഴുകോൺ പബ്ലിക് മാർക്കറ്റിലും തുമ്പൂർമൂഴി മോഡലിൽ 2 ബിന്നുകളോട് കൂടിയ 6 മാലിന്യ സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കുന്നതിനായി കേരള ശുചിത്വ മിഷന്റെ സഹായത്തോട് കൂടി 14,32,000/- രൂപ അടങ്കൽ വകയിരുത്തി 2018-19 വർഷത്തിൽ പദ്ധതി ആവിഷ്കരിച്ചു. (പ്രോജക്ട് നം: 245). അക്രഡിറ്റഡ് ഏജൻസി വഴി നിർമ്മാണം നടത്താൻ തീരുമാനിക്കപ്പെട്ട പദ്ധതി നടപ്പിൽ

വരുത്തിയത് Socio Economic Unit Foundation(SOUF) എന്ന ഏജൻസിയാണ്. സ്ഥലലഭ്യത ഇല്ലാത്തതിനാൽ എഴുകോൺ മാർക്കറ്റിലെ നിർമ്മാണം ഒഴിവാക്കിപദ്ധതി പൂർത്തീകരിക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. (തീരുമാനം നം. 1/12 തീയതി. 20.08.2019).

പദ്ധതി പ്രവർത്തനം സംബന്ധമായി ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ, 5 സ്കൂളുകളിൽ പദ്ധതി നടപ്പിൽ വരുത്തി എംബുക്ക് സമർപ്പിച്ച കാണുന്നു. എം.ബുക്കുകൾ പ്രകാരം യൂണിറ്റിന് 2,23,212/- രൂപാ നിരക്കിൽ 11,16,060 /- രൂപയാണ് ആകെ പ്രവൃത്തിമൂല്യം കണക്കാക്കി പദ്ധതി നിർവഹണ ഏജൻസിക്ക് നൽകേണ്ടിയിരുന്നത്. എന്നാൽ 14,02,460/- രൂപ ചുവടെ ചേർക്കും പ്രകാരം നൽകിയിരുന്നു.

തുക: 286400/- ( ബിൽ.നം.74/14. 1. 2019 )

„ :378996/- ( " 29/25.9. 2019)

„ :50064/- ( " 30/25.9. 2019)

„ :687000 / - (പഞ്ചാ: സെക്രട്ടറിയുടെ ചെക്ക്നം : 2366721/തീ.24.9.19, ശുചിത്വമിഷൻ വിഹിതം ലഭ്യമായത് )

ഇപ്രകാരം 2,86,400/- രൂപ അധികമായി പദ്ധതി നിർവ്വഹണ ഏജൻസിക്ക് നൽകിയിരിക്കുന്നത് ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നം. 1/21.6.2021) 2,86,400/-രൂപ പദ്ധതി നിർവ്വഹണ ഏജൻസിയിൽ നിന്നും തിരികെ ഈടാക്കി IOB എഴുകോൺ ശാഖയിൽ അസി. എഞ്ചിനീയർ പേരിലുള്ള അക്കൗണ്ട് നം 030301000015543 -ൽ 24-06-2021 ൽ ക്രഡിറ്റ് വരുത്തുകയും തുടർന്ന് ഇ-ചെലാൻ നം. KL003614682202122M/24-6-2021 പ്രകാരം ഗവ. കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് കൊട്ടാരക്കര സബ് ട്രഷറി വഴി ഒടുക്കുവരുത്തുകയും ചെയ്തു. ട്രഷറി ചെലാൻ ഓഡിറ്റിന് ലഭ്യമാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഗുരുതരമായ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

<u>1-12 കരാറുകാരന് ക്വോട്ടു ചെയ്തിരുന്നതിലും അധികമായി 14354/- രൂപ നൽകിയിരുന്നത് തിരികെ ഈടാക്കി ഒടുക്കുവരുത്തി.</u>

പ്രോജക്ട് 106/2020 കാക്കക്കോട്ടൂർ ലക്ഷം വീട് കുടിവെള്ള പദ്ധതി .

460342/- രൂപ അടങ്കൽ വകയിരുത്തിയിരുന്ന (ധനകാര്യ കമ്മീഷൻ ഗ്രാന്റ്. 225000/-, തനത് ഫണ്ട്. 235342/-) പദ്ധതിയുടെ അംഗീകൃത എസ്റ്റിമേറ്റിന്റെ 4 മത്തെ ഭാഗമായി 'Supply And Fitting1.5 HP Submersible Pumpet (2nos) Confirming To I S Specifications Including All Accessories And Fittings Etc Complete' – എന്ന ഇനം പ്രവൃത്തിക്ക് Lump - Sum – Total ആയി 37000/- രൂപ വകയിരുത്തിയിരുന്നു. പ്രവൃത്തി നടത്തിപ്പിനായി ക്ഷണിച്ച ടെന്ററിൽ (ഇ-ടെൻഡർ) കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത് കരാർ വച്ച ശ്രീ. എൻ. രാജൻ, കിഴക്കേ പാറവിളവീട് എന്ന വ്യക്തി മേൽ ഇനം പ്രവൃത്തിക്ക് രേഖപ്പെടുത്തിയിരുന്നത് 33000/- രൂപ ആയിരുന്നു. എന്നാൽ മറ്റ് പ്രവൃത്തി ഇനങ്ങളിൽ വന്ന മാറ്റം മൂലവും പുതിയ ഇനം പ്രവൃത്തികൾ കൂട്ടിച്ചേർത്തതിനാലും ,പദ്ധതി അടങ്കൽ തുകയിൽ കവിയാതെ എസ്റ്റിമേറ്റിൽ ഭേദഗതി വരുത്താൻ പഞ്ചായത്ത് കമ്മിറ്റി അനുമതി നൽകിയിരുന്നു. ഇപ്രകാരം എസ്റ്റിമേറ്റ്

പുതുക്കിയപ്പോൾ, Specificationsലോ പ്രവൃത്തികളിലോ യാതൊരു മാറ്റവുമില്ലാതിരുന്നിട്ടും പമ്പ് സ്ഥാപിക്കൽ പ്രവൃത്തിയുടെ Lump – Sum തുക 47500/- ആയി ഉയർത്തുകയും കരാറുകാരൻ സമർപ്പിച്ച ഇൻവോയിസുകളുടെ അടിസ്ഥാനത്തിൽ എം.ബുക്കിൽ (നം: 23/19-20)47354/- രൂപ മൂല്യം കണക്കാക്കി നൽകുകയും ചെയ്തു.

എസ്റ്റിമേറ്റിലെ മറ്റ് എല്ലാ ഇനം പ്രവൃത്തികൾക്കും കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് മാത്രം നൽകിയപ്പോൾ പരാമർശ പമ്പ് സ്ഥാപിക്കൽ പ്രവൃത്തിക്ക് മാത്രം, പുതുക്കിയ എസ്റ്റിമേറ്റിൽ തുക വർദ്ധിപ്പിക്കാനും, കരാറുകാരന് ടി യാൻ ക്വോട്ട് ചെയ്തിരുന്നതിലും അധികമായി 14354/- രൂപ അനുവദിച്ച് നൽകാനും ഇടയായ സാഹചര്യം ഓഡിറ്റിന് രേഖാമൂലം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2-A/Dtd.22.06.2021) മറുപടിയായി 14354/- രൂപ രസീത് നം. 121150100489 തീയതി 23.06.2021പ്രകാരം തിരികെ ഒടുക്കിയതായി മറുപടി ലഭ്യമാക്കി. ഒടുക്ക് വിവരം പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

<u>1-13 മെഡിക്കൽ എക്യുപെൻ്റ് പൂർണ്ണമായും ലഭിച്ചില്ല.</u>

പദ്ധതി - ജീവിതശൈലീ രോഗ പ്രതിരോധ പ്രവർത്തനം (S. 0124/20)

അടങ്കൽ - 3,00,000/- രൂപ ( വികസന ഫണ്ട് - 2,00,000/-, തനതു ഫണ്ട് - 1,00,000/-)

ചെലവ് - 2,00,000/- രൂപ (വികസന ഫണ്ട്)

ബിൽ നം. 5/19-20, 8.11.2019, 1,00,000/- രൂപ,

ബിൽ നം. 11/19-20, 8.11.2019, 1,00,000/- രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പദ്ധതി നടപ്പാക്കുന്നതിനായി 2,00,000/- രൂപ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. 1,00,000/-രൂപയുടെ മരുന്നുകൾ ലഭ്യമായെങ്കിലും തെർമോമീറ്റർ ഉൾപ്പെടെയുള്ള 84,523/- രൂപയുടെ എക്യുപ്മെൻറ് ഇനിയും ലഭ്യമാകാനുണ്ട്. ഇവ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>1-14 സമത്വ ജംഗ്ഷൻ-മാത്തിലഴികം ഭാഗം പാറയിൽ ലക്ഷംവീട് പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ-17920/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.</u>

പ്രവൃത്തി : സമത്വ ജംഗ്ഷൻ - മാത്തിലഴികം ഭാഗം പാറയിൽ ലക്ഷംവീട് പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്റ്റ് നം.189/20)

നിർവ്വഹണ അധികാരി : അസിസ്റ്റൻ്റ് സെക്രട്ടറി.

കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 500900/- രൂപ (എസ്.സി.പി ഫണ്ട്) പദ്ധതി നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചു. (ബിൽ നം. 13/28.9.2019). എസ്റ്റിമേറ്റിൽ പൊതുടാപ്പുകൾക്കുള്ള Rs. 17920.16/- രൂപയും ഉൾപ്പെട്ടിരുന്നതായി എസ്റ്റിമേറ്റ് പരിശോധിച്ചതിൽ വ്യക്തമാകുന്നു. (Item No.9. Constructing RCC Portable Type Street Fountain.......(Od 97319/2019-2020) 4 Nos @ Rs. 4480.04/No).

കുടിവെള്ള പദ്ധതി/പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികളിൽ പൊതുടാപ്പുകൾക്കായി തുക ചെലവഴിക്കാൻ പാടില്ലാത്തതാണെന്ന് 14-2-2018 ലെ ജി.ഒ.(പി) നം.22/18/ത.സ്വ.ഭ.വ

ഉത്തരവിൽ (ഖ. 6-6 കുറിപ്പ് 1) വ്യക്തമാക്കിയിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവ് മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ സബ്സിഡി മാർഗരേഖകളായ 29.09.2012ലെ ജി.ഒ.(എം.എസ്)നം.248/12/തസ്വഭവ, 16.11.2013 ലെ ജി.ഒ.(എം.എസ്)നം.362/13/തസ്വഭവ, 11.01.2016 ലെ ജി.ഒ.(എം.എസ്)നം.04/16/തസ്വഭവ, 03.04.2017 ലെ ജി.ഒ.(എം.എസ്)നം.80/17/തസ്വഭവ എന്നിവ പ്രകാരവും ഇതേ മാർഗനിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യ പത്രമോ, പ്രവൃത്തിയുടെ പൂർത്തീകരണ വിവരങ്ങളോ സൂക്ഷച്ചിരുന്നില്ല. കേരള വാട്ടർ അതോറിറ്റിയുമായി യാതൊരുവിധ കരാറിലും ഏർപ്പെടാതെയായിരുന്നു തുക നൽകിയിരുന്നത്. മേൽ അപാകതകൾ ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനു മറുപടിയായി (ഓഡിറ്റ് എൻക്വയറി നം. 11/24.06.2021) കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ 25.06.2021 തീയതിയിലെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. കൂടാതെ സാങ്കേതിക പരിജ്ഞാനം ഇല്ലാതിരുന്നതിനാൽ എസ്റ്റിമേറ്റിൽ പൊതുടാപ്പുകൾക്കായി തുക വകയിരുത്തിയിരുന്നത് തിരിച്ചറിയാൻ കഴിഞ്ഞില്ല എന്നും ബോധിപ്പിക്കുന്നു. ഈ വിശദീകരണം ഓഡിറ്റ് അംഗീകരിക്കുന്നില്ല. പദ്ധതി മാർഗ്ഗരേഖകൾക്ക് വിരുദ്ധമായ 17920/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

വിഭാവനം ചെയ്തിരുന്നവിധത്തിൽ പദ്ധതി വിജയകരമായി പൂർത്തീകരിച്ചിട്ടുള്ളതായി പദ്ധതി നിർവ്വഹണാധികാരിയോ, പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉത്തരവാദപ്പെട്ട മറ്റാരെങ്കിലുമോ ബോദ്ധ്യപ്പെട്ടതായി രേഖയില്ല എന്നതും, ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചപ്പോൾ മാത്രമാണ് വിനിയോഗ സാക്ഷപത്രം പോലും വാങ്ങി സമർപ്പിച്ചത് എന്നതും വിചിത്രമാണ്. കൂടാതെ നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യ പത്രപ്രകാരം ബാക്കിയുള്ള 22,918/- രൂപ അടിയന്തിരമായി തിരികെ ഈടാക്കി ബന്ധപ്പെട്ട സർക്കാർ ഫണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 സ്ഥാപന തൊഴിൽ നികുതി - അപാകത

2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ബി .എസ് .എൻ .എൽ, | I , II |
| 2 | ശാന്തി ഹോസ്പിറ്റൽ | I , II |
| 3 | അമ്പലത്തുംകാല മിൽക്ക് സൊസൈറ്റി, | I , II |

സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ക്രമനമ്പർ രണ്ട് മൂന്ന് സ്ഥാപനങ്ങളിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബിഎസ്എൻഎൽ സേവനദാതാക്കൾ മാത്രമായതിനാൽ സ്ഥാപന തൊഴിൽ നികുതി ഒടുക്ക് വരുത്തേണ്ടതില്ല എന്ന ബിഎസ്എൻഎല്ലിന്റെ മറുപടി അംഗീകരിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 27/11/2012 Crl.MC.No 3246 /2007 വിധിന്യായത്തിൽ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 2 സി പ്രകാരം ബിസിനസ്

ട്രാൻസാക്ഷനുകൾ നടത്തുന്നതിനാൽ ബിഎസ്എൻഎൽ സ്ഥാപന തൊഴിൽ നികുതി ഒടുക്കുവരുത്തുവാൻ ബാധ്യസ്ഥരാണെന്ന് പറഞ്ഞിരിക്കുന്നു. ആയതിനാൽ മേൽ 3 സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 4 /22.06.2021

1-16 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി: പദ്ധതിപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകണം.

2019-20 വർഷത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിൽ ഉറപ്പുപദ്ധതിയിൽ 6,87,52,700/- രൂപ വകയിരുത്തി 1,52,220 തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻഅംഗീകരിച്ചിരിന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ, 88001 തൊഴിൽ ദിനങ്ങൾ മാത്രമാണ് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് കാണുന്നു. ( ലക്ഷ്യം വച്ചതിന്റെ 57.8%). 36544000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് വകയിരുത്തിയ അടങ്കൽ തുകയുടെ 53% മാത്രമാണ്. ഇതിൽത്തന്നെ 2,47,08,000/- രൂപ തൊഴിലാളികളുടെ വേതനം ഇനത്തിലുള്ളതും, 1,17,44,001/- രൂപ സാധന സാമഗ്രികളുടെ വിലയിനത്തിലുള്ളതുമാണ്. (31.03.2020 വരെ ഫണ്ട്ട്രാൻസ്ഫർ ഓർഡർ ആയ തുക ).
പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | ആക്ഷൻ പ്ലാൻ പ്രകാരം ലക്ഷ്യമിട്ട എണ്ണം | നടപ്പിലാക്കാൻ കഴിഞ്ഞ എണ്ണം | നടപ്പിലാക്കിയതിന്റെ %കണക്ക്. |
|---|---|---|---|---|
| 1. | മണ്ണ് – ജലസംരക്ഷണ പ്രവൃത്തികൾ തോട് നവീകരണം | 160 | 120 | 75% |
| 2. | പാരമ്പര്യ ജല സ്രോതസുകളുടെ നവീകരണം ( കുളം നവീകരണം) | 16 | 3 | 20% |
| 3. | ചെറുകിട ജലസേചന പ്രവൃത്തികൾ | 8 | 8 | 100 % |
| 4. | വ്യക്തിഗത ആസ്തി നിർമ്മിക്കൽ | | | |
| | കാലിതൊഴുത്ത് | 44 | 34 | 72% |
| | ആട്ടിൻഷെഡ് | 20 | 7 | 35% |
| | കോഴി ഷെഡ് | 22 | 11 | 50% |
| | കിണർ നിർമ്മാണം | 48 | 28 | 58.3% |
| | റോഡ് കോൺക്രീറ്റിങ് | 32 | 12 | 37.5% |

അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്ന

താനാവശ്യമായ കൂടുതൽ കാര്യക്ഷമമായ നടപടികൾ ബന്ധപ്പെട്ട അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുണ്ട്.

1-17 വൃദ്ധർക്ക് കട്ടിൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പദ്ധതി - എസ്.0012/20 – വൃദ്ധർക്ക് കട്ടിൽ

അടങ്കൽ - 4,43,520/- രൂപ (വികസനഫണ്ട്)

ചെലവ് - 2,47,350/- രൂപ (ബിൽ നം. 4/19-20, 27.11.2019)

നിർവഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഗ്രാമപഞ്ചായത്തിലെ 60 വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധമായ 14-2-2018 ലെ ജി.ഒ.(പി) നം.22/18/ത.സ്വ.ഭ.വ ഉത്തരവിൽ വ്യക്തമാക്കിയ പ്രകാരംയൂണിറ്റ് ചെലവ് 4,350/- രൂപയിൽ അധികമാകാത്ത 1.98 മീറ്റർ നീളവും 90 സെ.മി വീതിയും മുൻ കാലിന് 60 സെൻറിമീറ്ററും പിൻകാലിന് 50 സെൻറിമീറ്ററും കട്ടിലിൽ 8മില്ലിമീറ്റർ കനവുമുള്ള പ്ലൈവുഡ് ഉറപ്പിച്ചതുമായ മരത്തടിയിൽ / സ്റ്റീലിൽ പണിത കട്ടിൽ നൽകുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സബ്സിഡി മാർഗ്ഗരേഖയിൽ അനുശാസിക്കും വിധം സ്പെസിഫിക്കേഷനുള്ള കട്ടിലിനായി 25.9.2019 തീയതിയിൽ ഇ3.100/2019 നമ്പരായി ടെൻഡർ ക്ഷണിച്ച് നടപ്പാക്കിയ പദ്ധതിയിൽ 7ടെൻഡറുകൾ ലഭിച്ചതിൽ കുറഞ്ഞ നിരക്കായ 2839/- രൂപ ക്വാട്ട് ചെയ്തത് ശബരി സ്റ്റീൽസ്, കൊട്ടാരക്കര എന്ന സ്ഥാപനമായിട്ടും 3499/രൂപ ക്വാട്ട് ചെയ്ത നാഷണൽ എൻറർപ്രൈസസ്, എഴുകോൺ എന്ന സ്ഥാപനത്തെയാണ് കട്ടിൽ വിതരണം ചെയ്യുന്നതിനായി കമ്മിറ്റി (25.11.2019 ലെ 3(1) നം)തെരഞ്ഞെടുത്തത്. തുടർന്ന് പ്രസ്തുത സ്ഥാപനവുമായി നെഗോഷ്യേറ്റ് ചെയ്ത് യൂണിറ്റ് നിരക്ക്3050/-രൂപയാക്കി നിജപ്പെടുത്തി.നിർവഹണ ഉദ്യോഗസ്ഥ 21.11.2019 ൽ പ്രസിഡൻറ്/സെക്രട്ടറി ക്ക് നൽകിയ കത്തിൽ കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഗുണനിലവാരം പരിശോധിക്കാതെ ഒഴിവാക്കുന്നത് ഓഡിറ്റ് ഒബ്ജക്ഷനിടയാക്കുമെന്ന് പരാമർശിക്കുന്നുണ്ടെങ്കിലും 25.11.2019 ലെ 3(1) നം കമ്മിറ്റി തീരുമാനം ആയത് പരിഗണിക്കാതെയാണ് നാഷണൽ എന്റെർപ്രൈസസിനെ കട്ടിൽ വിതരണത്തിനായി തെരഞ്ഞെടുത്തത്. പ്രൊക്യൂർമെൻറ് കമ്മിറ്റി സാമ്പിൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തിയതിന്റെ റിപ്പോർട്ട് ഓഡിറ്റിന്റെ പരിശോധനക്ക് ലഭ്യമാക്കിയില്ല.

2) വിയോജനക്കുറിപ്പ് നൽകിയ ശേഷം നിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലക്ക് ഐ.സി.ഡി.എസ് സൂപ്പർവൈസർ തുടർ നടപടികൾ സ്വീകരിച്ചതായും വ്യക്തമല്ല.

3) വിതരണക്കാരനെ തെരഞ്ഞെടുക്കുന്നതിന് 25.11.2019 ലെ 3(1) നം കമ്മിറ്റി തീരുമാനത്തിൽ മാനദണ്ഡമാക്കിയത് പഞ്ചായത്ത് പരിധിയിക്ക് പുറത്തുള്ള സ്ഥാപനങ്ങളെ തെരഞ്ഞെടുത്താൽ ഗുണനിലവാര പരിശോധനക്ക് ബുദ്ധിമുട്ടുണ്ടാകുമെന്നും കട്ടിലുകൾ വിതരണം ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ ഇപ്രകാരം സംഭവിച്ചിട്ടുണ്ടോയെന്നും ഏതെങ്കിലും സ്ഥാപനത്തെ ഇതേ കാരണത്താൽ കരിമ്പട്ടികയിൽ പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമല്ല. ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി, മുൻ വർഷം ജി.ഡബ്ല്യു.എൽ.പി.എസ് ചിറ്റാക്കോടിനു ഇതേ സ്ഥാപനം വിതരണം ചെയ്ത കസേരയും

മേശയും ഗുണനിലവാരമുള്ളതാണെന്നും അതിനാൽ കട്ടിലുകൾക്കു അതേ ഗുണനിലവാരം ഉണ്ടായിരിക്കുമെന്ന നിലപാടാണ് കമ്മിറ്റി സ്വീകരിച്ചത് .

4) നാഷണൽ എൻറർപ്രൈസസുമായി കരാർഏർപ്പെട്ടതിന്റെ രേഖകൾ ഓഡിറ്റിൻെറ പരിശോധനക്ക് ലഭ്യമാക്കിയില്ല..

5) നാഷണൽ എൻറർപ്രൈസസിന് 2019-20 വർഷം 2,47,350/- രൂപ (ബിൽ നം. 4/19-20, 23.11.2019) ഇൻവോയ്സ് നം. 455/6.2.2020 ൻെറ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഈ ഇൻവോയ്സിൽ കട്ടിലുകളുടെ എണ്ണം, നിരക്ക് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കട്ടിലുകൾ സ്റ്റോക്കിലെടുത്തതിൻെറ രേഖകൾ ഓഡിറ്റിൻെറ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. തൻ വർഷം സ്പിൽ ഓവറായി വൃദ്ധർക്ക് കട്ടിൽ എന്ന മറ്റൊരു പദ്ധതിയും നടപ്പാക്കിയിരുന്നതിനാലും (152/20) വിതരണ രജിസ്റ്ററിൽ പദ്ധതിയുടെ നമ്പർ കൃത്യമായി രേഖപ്പെടുത്താത്തതിനാലും എസ്.0012/20 എന്ന പദ്ധതിയിലൂടെ വിതരണം ചെയ്ത കട്ടിലുകളുടെ എണ്ണം കൃത്യമായും മനസ്സിലാക്കാൻ സാധിക്കുന്നില്ല.

മേൽ പരാമർശിച്ച അപാകങ്ങളിൽ നിന്നും വ്യക്തമാകുന്നത് പദ്ധതിക്കായി വിതരണക്കാരനെ തെരഞ്ഞെടുത്തതിൽ കമ്മിറ്റിയുടെ ഭാഗത്ത് വീഴ്ചയുണ്ടായി എന്നാണ്. വരും വർഷങ്ങളിൽ ഇപ്രകാരമുള്ള പാളിച്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 6/23.6.2021

## 1-18 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

പദ്ധതി - എസ്.0104/20 - പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ - 2,00,000/-രൂപ ( വികസനഫണ്ട്)

ചെലവ് - 2,00,000/-രൂപ (ബിൽ നം.10/19-20, 20.12.2019)

നിർവഹണം - വെറ്റിനറി സർജൻ

പദ്ധതിയുടെ നടത്തിപ്പിലേക്കായി 32 ഗുണഭോക്താക്കൾക്കായി (ട്രഷറിയിൽ നൽകിയ ലിസ്റ്റ് പ്രകാരം) 6,250/-രൂപ സബ്സിഡി നിരക്കിൽ 2,00,000/- രൂപ കാഫ് ഫീഡിലേക്ക് ഒടുക്കിയിട്ടുണ്ട്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I) അമ്പലത്തുംകാല ക്ഷിരസഹകരണ സംഘത്തിന്റെ രജിസ്റ്റർ പ്രകാരം ചുവടെ പരാമർശിക്കുന്ന ഗുണഭോക്താക്കൾ ഏതാനും മാസങ്ങളിൽ പാൽ അളക്കുകയോ സബ്സിഡിയായി കാലിത്തീറ്റ കൈപ്പറ്റുകയോ ചെയ്തിട്ടില്ല. (678/- രൂപ നിരക്കിൽ)

| ഗുണഭോക്താവിന്റെ പേര് | സബ്സിഡി കൈപ്പറ്റാത്ത മാസങ്ങൾ | നിരക്ക് | അധികം നൽകിയ തുക (രൂപ) |
|---|---|---|---|
| ശ്രീജ, മാവേലിത്തോട്ടത്തിൽ | 5/2020, 6/2020, 12/2020, 1/2021, 2/2021 | 678/- രൂപ | 5x678=3,390/- |
| ഗോമതി അമ്മ, അഖിൽ സദനം | 6/2020, 7/2020, 8/2020, 9/2020, 10/2020, 11/2020, 12/2020, 1/2021, 2/2021 | 678/- രൂപ | 9x678=6,102/ |
| വസന്തകുമാരി, | 3/2020, 5/2020, 6/2020, 7/2020 | 678/- | 4x678=2,712/- |

| | | | |
|---|---|---|---|
| തൈക്കൂട്ടത്തിൽ വീട് | | രൂപ | |
| മാത്യു പണിക്കർ | 2/2020, 12/2020, 1/2021, 2/2021 | 678/- രൂപ | 4x678=2,712/- |
| ഓമന, താഴേകുഴിവിളവീട് | 12/2020, 1/2021, 2/2021 | 678/- രൂപ | 3x678=2,034/- |
| ആകെ തുക | | | 16,950/- |

li) ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ള ഹരിപ്രിയ, പ്ലാവിളവീട് എന്ന ഗുണഭോക്താവ് അമ്പലത്തുംകാല ക്ഷീരസഹകരണ സംഘത്തിന്റെ രജിസ്റ്റർ പ്രകാരം നാളിതുവരെയും പാൽ അളക്കുകയോ സബ്സിഡിയായി കാലിത്തീറ്റ കൈപ്പറ്റുകയോ ചെയ്തിട്ടില്ല.

മേൽ പരാമർശിച്ച എല്ലാ ഗുണഭോക്താക്കൾക്കും അനർഹമായ കാലയളവിലേക്ക് ഒടുക്കിയ സബ്സിഡി തുകയായ 23,200/-രൂപ (16,950+ 6250) തുടർ വർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.2/ 22.6.2021

1-19 എസ്എസ്എ ഫണ്ട് ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടി ലഭിക്കുന്ന ഫണ്ട് അതേ ആവശ്യത്തിനുവേണ്ടി വിനിയോഗിക്കണമെന്ന് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിൽ വ്യക്തമാക്കിയിരിക്കെ എസ്എസ് എ ക്കായി ലഭ്യമായ 570534/- രൂപ ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ ശേഷിക്കുന്നു.എന്നാൽ പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള വികസന ഫണ്ടിൽ നിന്ന് ഉൾപ്പെടെയുള്ള തുക പ്രസ്തുത പദ്ധതിക്കായി ചെലവഴിക്കുന്നു.

എസ്എസ് എ വിഹിതമിനത്തിൽ തൻവർഷം 5,18,000/- രൂപ ചുവടെ ചേർക്കും പ്രകാരം എസ്എസ് എ ജില്ലാപ്രോജക്ട് ഓഫീസിൽ ഒടുക്കിയിട്ടുണ്ട്.

| പ്രോ.നം/പേര് | ഒടുക്കിയ തുക | ഫണ്ടിനം | ബിൽ നം./ തീയതി |
|---|---|---|---|
| എസ്എസ് എ വിഹിതം- പൊതുവിഭാഗം | 100000/- | വികസനഫണ്ട് (ജനറൽ) | 19/30.09.19 |
| എസ്എസ് എ വിഹിതം- പട്ടികജാതിവിഭാഗം | 418000/- | വികസനഫണ്ട് (എസ് സി പി) | 18/30.09.19 |

എസ്എസ് എ ക്കായി ലഭ്യമായ 570534/-രൂപ ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ ശേഷിക്കെ പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള വികസന ഫണ്ടിൽ നിന്ന് ഉൾപ്പെടെയുള്ള തുക പ്രസ്തുത പദ്ധതിക്കായി ചെലവഴിക്കുന്നത് ധനവിനിയോഗമാർഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ആയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2021-22 വാർഷിക പദ്ധതിയിൽ പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയോടെ ഭേദഗതി വരുത്തി ടി തുക വകയിരുത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 15/25-6-21

1-20 വീട് വാസയോഗ്യമാക്കൽ ജനറൽ -പണി പൂർത്തിയാക്കിയില്ല

പ്രോജക്ട് വീട് വാസയോഗ്യമാക്കൽ ജനറൽ

പ്രോജക്ട് നമ്പർ – 75/19-20

അടങ്കൽ – 27,20,000/-

(വികസനഫണ്ട് ജനറൽ – 1851492/-

തനത് ഫണ്ട് - 868508/-)

ചെലവ് - 12,80,000/- വികസനഫണ്ട്
- 4,60,000/- തനതുഫണ്ട്

ഈ പദ്ധതി പ്രകാരം വീട് വാസയോഗ്യമാക്കാൻ അഡ്വാൻസ് ആയി 20000/- രൂപ വീതം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നം | പേര് | തുക നൽകിയ വിവരം |
|---|---|---|
| 1) | സുലേഖാ | ബിൽ നമ്പർ – 7/28-10-19, 2,60,000/- |
| 2) | തർത്തീലാ ബീവി | ചെക്ക് നമ്പർ 2366729/3-11-19, 1,40,000/- |
| 3) | രശ്മി പ്രമോദ് | ചെക്ക് നമ്പർ 2366739/17-12-19 |

ആയതിൻ മേൽ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

ഓഡിറ്റ് എൻക്വയറി നമ്പർ – 9/24-6-21

1-21 അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്ന തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റണം.

അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ ഇൻഡ്യൻ ഓവർസീസ് ബാങ്കിന്റെ എഴുകോൺ ശാഖയിലുള്ള അക്കൗണ്ടിൽ 07.02.2020 മുതൽ 44158/- രൂപ ശേഷിക്കുന്നതായി ബാങ്ക് പാസ്സ്ബുക്ക് പരിശോധിച്ചതിൽ വ്യക്തമാകുന്നു. 07.02.2020 മുതൽ അക്കൗണ്ടുവഴി പണ ഇടപാടുകൾ നടന്നിട്ടില്ല എന്നതിനാൽ, അക്കൗണ്ടു നിലനിർത്താൻ ആവശ്യമായ തുക മാത്രം നിലനിർത്തി, ശേഷിക്കുന്ന തുക, നാളിതുവരെയുള്ള പലിശ സഹിതം, പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 അനുവദിക്കാവുന്നതിലും അധികം ആർജ്ജിതാ അവധി പണമാക്കാൻ അനുവദിച്ചു.6658/- രൂപ തിരികെ ഈടാക്കിയിട്ടില്ല

പഞ്ചായത്ത് വകുപ്പിലെ ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ആർജ്ജിതാവധി കണക്കാക്കുന്നത് 15 ദിവസത്തെ ഡ്യൂട്ടിക്ക് ഒന്ന് എന്ന നിലയിലും ഒരു വർഷം പണമാക്കാൻ അനുവദിക്കുന്ന അവധി പരമാവധി 20 എണ്ണവുമാണ് എന്നും 29-2-84 ലെ സർക്കാർ ഉത്തരവ് (എം.എസ്.) 39/84 LA&SWD ൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ജീവനക്കാരുടെ ആർജ്ജിതാവധി

സംബന്ധിച്ച് 29-2-84 ലെ ഉത്തരവു തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നതെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 3-8-20 ലെ PAN 5191/20- E9 (DP) 10 സ്പഷ്ടീകരണത്തിലും സൂചിപ്പിച്ചിട്ടുണ്ട്. ആകയാൽ ഗ്രാമ പഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പറായ ശ്രീമതി സലീമ. എസ്സ് -ന് 1-4-19 പ്രാബല്യത്തിൽ 30 ആർജ്ജിതാവധി പണമാക്കാൻ അനുവദിച്ചത് ക്രമമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ജീവനക്കാരുടെ പേര് | ആർജ്ജിതാവധി പണമാക്കാൻ അനുവദിച്ചത് | ആർജ്ജിതാവധി പണമാക്കാൻ അനുവദിക്കാവുന്നത് | അധികം അനുവദിച്ചത് |
|---|---|---|---|
| ശ്രീ. സലീമ, ഫുൾ ടൈം സ്വീപ്പർ | 30 ദിവസം 19975/-ചെക്ക് നം 587563/20-4-19 | 13317/20 ദിവസം | 6658/- |

തുക തിരികെ ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക തിരികെ ഈടാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ അധികം നൽകിയ 6658/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 10/24-6-21

നിരാകരിച്ച തുക – 6658/-

1-23 രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല, 1,20,600/-രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി- എസ്.0091/20 - സാക്ഷരതാ തുല്യതാ പരിപാടി

അടങ്കൽ - 1,40,000/-രൂപ (തനതു ഫണ്ട്)

ചെലവ് - 1,20,600/-രൂപ ( ചെക്ക് നം. 2366733, 28.11.2019, 72,500/- രൂപ,

ചെക്ക് നം. 2366734/28.11.2019, 48,100/- രൂപ)

നിർവ്വഹണ ഉദ്യോഗസ്ഥ - ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്, ഇരുമ്പനങ്ങാട്

2019-20 വർഷം നടപ്പാക്കിയ സാക്ഷരതാ തുല്യതാ പരിപാടി എന്ന പദ്ധതിക്കായി ചെക്ക് നം. 2366733/28.11.2019 മുഖേന 29 വിദ്യാർത്ഥികൾക്കായി ഹയർ സെക്കന്ററി തുല്യതാ പരീക്ഷക്കായി 72,500/- രൂപയും ചെക്ക് നം. 2366733/28.11.2019 മുഖേന 26 വിദ്യാർത്ഥികൾക്കായി പത്താം തരം തുല്യതാ പരീക്ഷക്കായി 48,100/- രൂപയും തനതു ഫണ്ടിൽ നിന്നും സാക്ഷരതാ മിഷനിൽ ഒടുക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾ പരീക്ഷയ്ക്ക് രജിസ്ട്രേഷൻ ചെയ്തതിന്റെ വിശദാംശങ്ങൾ, വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. ഇവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് രജിസ്ട്രേഷൻ രേഖകൾ ലഭ്യമാക്കുന്നതിനു പകരം വിദ്യാർത്ഥികളുടെ ലിസ്റ്റ് സാക്ഷരതാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ അറ്റസ്റ്റ് ചെയ്തു നൽകിയ രേഖയാണ് ഹാജരാക്കിയത്. ഇത് ആധികാരികമല്ലാത്തതിനാൽ പരീക്ഷാ രജിസ്ട്രേഷനുള്ള തെളിവായി അംഗീകരിക്കാൻ സാധിക്കില്ല. അതിനാൽ ഈയിനത്തിൽ

ചെലവഴിച്ച 1,20,600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തുക തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 12/ 24.6.2021

തടസ്സപ്പെടുത്തിയ തുക – 1,20,600/- രൂപ

1-24 കുടിവെള്ള വിതരണം - കരാറുകാരനിൽനിന്നും ജി.എസ്.ടി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ശുദ്ധജല വിതരണത്തിനായി താഴെ പറയും പ്രകാരം ശ്രീ രാജേഷ് ഇടത്തുണ്ടിൽ വീട്, ഈലിയോട്, ഇടയ്ക്കിടം എന്ന വ്യക്തിക്ക് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ചെക്ക് നമ്പർ | അനുവദിച്ച തുക |
|---|---|
| 587557/11-4-19 | 271778 |
| 588541/6-5-19 | 3,00,000/- |
| 591617/14-8-19 | 4,92,694/- |

എന്നാൽ ഈ വ്യക്തിക്ക് ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ല എന്ന കാരണത്താൽ ബില്ലിൽ നിന്നും ജി.എസ്.ടി ഈടാക്കാതെ തുക നൽകിയിരുന്നു. ടിയാൾ ജി.എസ്.ടി തുക അടച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ അവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജി.എസ്.ടി. ഈടാക്കേണ്ടതില്ലഎന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയത് അംഗീകരിക്കാൻ കഴിയില്ല. സർക്കുലർ നമ്പർ 90/217/ഫിൻ, തീയതി – 14.12.17 പ്രകാരം നിശ്ചിത ശതമാനം ജി.എസ്.ടി. ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-25 ചെലവു വിവരങ്ങൾ ഹാജരാക്കിയിട്ടില്ല– തുക തടസ്സപ്പെടുത്തുന്നു

മഴക്കാലപൂർവ്വ ശുചീകരണത്തിനായി വാർഡുതല സാനിട്ടേഷൻ സമിതിയുടെ അക്കൗണ്ടിലേക്ക് വൗച്ചർ നമ്പർ 21900175/7-6-19 പ്രകാരം നൽകിയ 2,40,000/- (15000*16) (ചെക്ക് നമ്പർ - 2366706/7-6-19) രൂപയുടെ ചെലവു വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി രേഖകൾ ഹാജരാക്കാൻ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,40,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവു രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 10/25.6.2021

1-26 ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല

തൻവർഷം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്കായിരുന്ന ശ്രീമതി. വീണയ്ക്ക് നൽകിയ 15,000/- രൂപയിൽ (ചെക്ക് നമ്പർ 591678/7-9-19) 3,000/- രൂപ നാളിതുവരെ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രമീകരിച്ചിട്ടില്ല. ആയതിനുമേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ടിയാരി സ്ഥലം മാറി പോയ ഉദ്യോഗസ്ഥയാണെന്നും അഡ്വാൻസ് ഇനത്തിൽ ബാക്കിയുള്ള തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ നാളിതുവരെ തിരികെ

ഈടാക്കിയിട്ടില്ലാത്ത 3,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിൽ അറിയുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം. – 10/25.6.2021

1-27 വാടക കുടിശ്ശിക ഈടാക്കുന്നതിലെ അപാകത

2019 -20വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്നവരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, മേൽവിലാസം | കടമുറി നമ്പർ | വാടക/ മാസം (കുടിശ്ശിക) | വാടക കുടിശ്ശിക |
|---|---|---|---|---|
| 1 | പവനൻ, പുരുവിളവീട്, എഴുകോൺ | 8 | 944 X 10 | 9440/- |
| 2 | ബിബിൻ ബി, കോണത്ത് തെക്കതിൽ അമ്പിപൊയ്ക | 14 | 3250 X 7 | 22750/- |
| ആകെ | | | | 32,190/- |

വാടക ഈടാക്കിയിട്ടില്ലാത്തതിനെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഈടാക്കുന്ന മുറയ്ക്ക് രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 3 /22.06.2021

1-27.1 സബ് രജിസ്റ്റാർ ഓഫീസ്- വാടക കരാർ രജിസ്റ്റർ ചെയ്ത് വാടക ഈടാക്കുന്നില്ല

എഴുകോൺ സബ് രജിസ്റ്റാർ ഓഫീസ് പ്രവർത്തിക്കുന്ന എഴുകോൺ ഗ്രാമ പഞ്ചായത്ത് വക ഷോപ്പിങ് കോംപ്ലക്സിലെ EP VII, 777, 778, 779 എന്നീ നമ്പർ മുറികളുടെ വാടക സംബന്ധിച്ച കരാർ കാലാവധി 31.12.15 അവസാനിച്ചിട്ടുള്ളതാണ്. പഴയ നിരക്കിലുള്ള വാടകയായ 2785/- രൂപ 31/7/2016 വരെ ഒടുക്കിയിട്ടുള്ളതാണ്. എന്നാൽ 31/7/2016 ന ശേഷം നാളിതുവരെ വാടക കരാർ പുതുക്കി നിശ്ചയിക്കുകയോ വാടക ഈടാക്കുകയോ ചെയ്യുന്നില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വാടക കരാർ പുതുക്കുന്നതിലേക്കായി പിഡബ്ല്യു.ഡി (കെട്ടിടവിഭാഗം) യുടെ റെന്റ് വാല്യൂ സാക്ഷ്യപത്രം ലഭിക്കുന്നതിലേക്കായി തഹസീൽദാർ സാക്ഷ്യപ്പെടുത്തിയ ലാൻഡ് വാല്യൂ സർട്ടിഫിക്കറ്റ് ആവശ്യമായിട്ടുള്ളതാണ്. ആയത് ലഭ്യമാക്കുന്നതിനുള്ള കാലതാമസമാണ് വാടക കരാർ പുതുക്കി രജിസ്റ്റർ ചെയ്യുന്നതിന് കാലതാമസം സൃഷ്ടിച്ചതെന്ന് മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്. വാടക കരാർ പുതുക്കുന്നതിനും വാടക കുടിശ്ശിക ഈടാക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്

ഓഡിറ്റ് എൻക്വയറി നം. 3 /22.06.2021

1-28 പാലിന്റെ അളവ് അധികമായി രേഖപ്പെടുത്തി സബ്സിഡി നൽകി.

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന്റെ അളവിനെ ആധാരമാക്കി സബ്സിഡി നൽകണമെന്നിരിക്കെ കർഷകർ സംഘത്തിൽ നല്കിയതിനേക്കാൾ അധികമായി പാലിന്റെ

അളവ് രേഖപ്പെടുത്തി സബ്സിഡി നൽകിയതിലൂടെ 21293/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും നഷ്ടമായി.

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പാലിന് സബ്സിഡി എന്ന പ്രോജക്ടിൽ (പ്രോ നം. 22/20) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ക്ഷീരകർഷകർ ക്ഷീര സഹകരണ സംഘങ്ങളിൽ നൽകുന്ന പാലിന്റെ അളവിനെ ആധാരമാക്കി സബ്സിഡി നൽകുന്നതിനാണ് ലക്ഷ്യമാക്കിയിരുന്നത്. എന്നാൽ നെടുമ്പായിക്കുളം ക്ഷീര സഹകരണ സംഘത്തിൽ വിവിധ കർഷകർ നൽകിയ പാലിന്റെ അളവിനേക്കാൾ അധികമായി അളവ് രേഖപ്പെടുത്തി 4/19, 5/19 മാസങ്ങളിൽ ലിറ്ററിന് 3/-രൂപ നിരക്കിലും തുടർന്നുള്ള മാസങ്ങളിൽ ലിറ്ററിന് 4/-രൂപ നിരക്കിലും സബ്സിഡി നൽകിയതായി സബ്സിഡിക്കായി കണക്കാക്കിയ പാലിന്റെ അളവ് സ്റ്റേറ്റ്മെന്റും പ്രസ്തുത സംഘത്തിൽനിന്ന് ഹാജരാക്കിയ പ്രതിമാസ സ്റ്റേറ്റ്മെന്റും തമ്മിലുള്ള താരതമ്യത്തിൽ നിന്നും വ്യക്തമാവുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ക്ഷീരകർഷകരുടെ പേര് | സബ്സിഡിക്കായി കണക്കാക്കിയ പാലിന്റെ അളവ് (ലി ) | സംഘത്തിൽ നൽകിയ പാലിന്റെ അളവ് (ലി ) | വ്യത്യാസം (ലി ) | അധികമായി നൽകിയ തുക | ബിൽനം / തീയതി/ ബിൽത്തുക. |
|---|---|---|---|---|---|---|
| 4/19 | ജിജി സാം | 156 | 89 | 67 | 201 | EZE1/19-20 Dtd.25.09.19 Rs.3,04,903/- |
| | ചന്ദ്രശേഖരപിള്ള | 38 | 9 | 29 | 87 | |
| | സുരേഷ് ബാബു | 634 | 339 | 295 | 885 | |
| | സജി | 100 | 46 | 54 | 162 | |
| | ജയൻ | 426 | 306 | 120 | 360 | |
| | ലതിക | 704 | 536 | 168 | 504 | |
| 5/19 | സുരേഷ് ബാബു | 642 | 286 | 356 | 1068 | |
| | സജി | 204 | 198 | 6 | 18 | |
| | ജയൻ | 399 | 279 | 120 | 360 | |
| | ലതിക | 793 | 573 | 220 | 660 | |
| 6/19 | സുരേഷ് ബാബു | 623 | 262 | 361 | 1444 | |
| | ജയൻ | 426 | 229 | 197 | 788 | |
| | ലതിക | 751 | 550 | 201 | 804 | |
| 7/19 | സുരേഷ് ബാബു | 550 | 268 | 282 | 1128 | |
| | ജയൻ | 330 | 216 | 114 | 456 | |
| | ലതിക | 693 | 532 | 161 | 644 | |
| 8/19 | സുരേഷ് ബാബു | 506 | 207 | 299 | 1196 | Cheque No.0419692 Dtd29.01.20 Rs.177763/- |
| | ലതിക | 649 | 450 | 199 | 796 | |
| 9/19 | സുരേഷ് ബാബു | 510 | 211 | 299 | 1196 | |
| | ലതിക | 552 | 253 | 299 | 1196 | |
| 10/19 | സുരേഷ് ബാബു | 502 | 203 | 299 | 1196 | |
| | ലതിക | 519 | 320 | 199 | 796 | |
| 11/19 | സുരേഷ് ബാബു | 344 | 145 | 199 | 796 | |

| | | | | | | |
|---|---|---|---|---|---|---|
| | ലതിക | 558 | 358 | 200 | 800 | |
| 1/20 | ശോശാമ്മ പണിക്കർ | 837 | 645 | 192 | 768 | |
| | ബിജി അലക്സ് | 503 | 394 | 109 | 436 | |
| | സൂസമ്മ ബാബു | 63 | 48 | 15 | 60 | |
| | പി. കെ കൊച്ചമ്മൻ | 301 | 241 | 60 | 240 | |
| | ശശികുമാരി | 233 | 197 | 36 | 144 | |
| | സാം കുട്ടി | 118 | 98 | 20 | 80 | |
| | വി. കെ. രാജൻ | 340 | 264 | 76 | 304 | |
| | ഉഷ | 68 | 50 | 18 | 72 | |
| | ഷംല | 662 | 526 | 136 | 544 | |
| | സജി | 127 | 106 | 21 | 84 | EZE4/19-20 Dtd.16.03.20 Rs38181/- |
| | ജയൻ | 318 | 251 | 67 | 268 | |
| | ലതിക | 452 | 356 | 96 | 384 | |
| 2/20 | ശോശാമ്മ പണിക്കർ | 772 | 750 | 22 | 88 | |
| | ബിജി അലക്സ് | 481 | 467 | 14 | 56 | |
| | പി.കെ കൊച്ചമ്മൻ | 217 | 210 | 7 | 28 | |
| | ശശികുമാരി | 189 | 183 | 6 | 24 | |
| | വി.കെ.രാജൻ | 308 | 297 | 11 | 44 | |
| | ഷംല | 553 | 535 | 18 | 72 | |
| | ജയൻ | 255 | 245 | 10 | 40 | |
| | ലതിക | 305 | 301 | 4 | 16 | |
| ആകെ അധികമായി നൽകിയ തുക 21293/- | | | | | | |

മേൽസൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വിവിധ ക്ഷീര സഹകരണ സംഘങ്ങളിൽ നിന്ന് സെക്രട്ടറി രേഖപ്പെടുത്തി പ്രസിഡണ്ട് ഒപ്പുവച്ച് തരുന്ന സ്റ്റേറ്റ്മെന്റിനെ ആധാരമാക്കിയാണ് സബ്സിഡി നൽകുന്നതെന്നും എന്നാൽ നെടുമ്പായിക്കുളം ക്ഷീര സഹകരണ സംഘത്തിൽ പാലിന്റെ അളവ് മാന്വൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയ ചില മാസങ്ങളിൽ അളവ് രേഖപ്പെടുത്തലിൽ വ്യത്യാസങ്ങൾ വന്നിട്ടുണ്ടെന്നും ഈ ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെടുന്ന കർഷകരിൽ നിന്നും അവർ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി അടച്ചുകൊള്ളാമെന്നും നിർവഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്.

പാലിന് സബ്സിഡിയായി ക്രമരഹിതമായി ചെലവഴിച്ച 21293/- രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു. പ്രസ്തുത തുക അനർഹമായി കൈപ്പറ്റിയ കർഷകരിൽ നിന്നും തിരികെ ഈടാക്കി ഒടുക്കാത്തപക്ഷം നിർവഹണോദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിർണയിച്ച് തുടർനടപടികൾ സ്വീകരിയ്ക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം. 14/25.06.21.

നിരാകരിച്ച തുക - 21293/-രൂപ.

1-29 പാലിന് സബ്സിഡി-തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം അനുവദനീയമായതിലും അധിക നിരക്കിൽ നല്കി.

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ക്ഷീരവികസനവകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററൊന്നിന് നാല് രൂപ തോതിൽ ഒരു വർഷം പരമാവധി 40000/- രൂപ ഒരു കർഷകന് സബ് സിഡിയായി നൽകാമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14. 12. 18 ലെ സ.ഉ( കൈ) നം 22/18/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പാലിന് സബ്സിഡി എന്ന പ്രോജക്ട് പ്രകാരം(പ്രോ നം. 22/20) 2019 ജൂൺ മാസം മുതൽ 2020 ഫെബ്രുവരി മാസം വരെയുള്ള കാലയളവിൽ പഞ്ചായത്ത് ഫണ്ടിൽ നിന്ന് ലിറ്ററൊന്നിന് നാല് രൂപ തോതിൽ സബ്സിഡി നൽകി.

ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് 3 രൂപ തോതിലായതിനാലും സംസ്ഥാനവിഹിതം ലഭ്യമല്ലെങ്കിൽ അതും തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകണമെന്ന് സബ്സിഡി മാർഗരേഖയിൽ വ്യവസ്ഥ ചെയ്യിട്ടില്ലാത്തതിനാലും പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4 രൂപ തോതിൽ സബ്സിഡി നൽകിയത് സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ക്ഷീരവികസനവകുപ്പിൽ നിന്ന് 2019 ഏപ്രിൽ മെയ് മാസങ്ങളിൽ ഒരു രൂപവീതം സബ്സിഡി ലഭിച്ചിരുന്നുവെന്നും ക്ഷീരവികസനവകുപ്പിൽ നിന്ന് സബ് സിഡി ലഭ്യമാകുന്ന മാസങ്ങളിൽ 3രൂപ വീതവും വകുപ്പിൽ നിന്നും സബ്സിഡി ലഭ്യമാകാത്ത തുടർന്നുള്ള മാസങ്ങളിൽ 4 രൂപ വീതവും പഞ്ചായത്ത് ഫണ്ടിൽ നിന്നും സബ്സിഡി നൽകുന്ന രീതിയാണ് മുൻവർഷവും സ്വീകരിച്ചിരുന്നതെന്നും ഇതിൽ തെറ്റുള്ള പക്ഷം തുടർവർഷങ്ങളിൽ 3 രൂപ വച്ച് മാത്രമേ നൽകുകയുള്ളുവെന്നും മറുപടി നൽകിയിട്ടുണ്ട്.

ക്ഷീരകർഷകർക്ക് ലിറ്ററൊന്നിന് ഒരു രൂപ നിരക്കിൽ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്ന പദ്ധതി 2013-14 മുതൽ ക്ഷീരവികസനവകുപ്പ് നടപ്പിലാക്കി വരുന്നു. സംസ്ഥാന ബജറ്റിൽനിന്ന് ഓരോ വർഷവും പ്രസ്തുത പദ്ധതിയ്ക്കായി വകുപ്പിന് ലഭിയ്ക്കുന്ന വിഹിതത്തിന്റെ വിനിയോഗം വകുപ്പിന്റെ തനതുപദ്ധതിയായി നടപ്പിലാക്കപ്പെടുന്നതിനാലും പ്രസ്തുത പദ്ധതി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പാലിന് സബ്സിഡി പദ്ധതിയുമായി സംയോജിപ്പിച്ചിട്ടില്ലാത്തതിനാലും തൻവർഷം ഏതേത് മാസങ്ങളിലേയ്ക്കാണ് വകുപ്പുതല മിൽക്ക് പ്രൊഡക്ഷൻ ഇൻസന്റീവ് അനുവദിച്ചതെന്ന് വ്യക്തമല്ലാത്തതിനാലും പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4 രൂപ തോതിൽ സബ്സിഡി നൽകിയതിന്മേൽ സ്പഷ്ടീകരണവും സാധൂകരണവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 14/25.06.21.

1-30 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-പൂർത്തീകരണ വിവരങ്ങൾ ഇല്ല.

കേരള വാട്ടർ അതോറിറ്റി മുഖേന നിക്ഷേപ പ്രവൃത്തിയായി സെക്രട്ടറി നിർവഹണം നടത്തിയ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രോജക്ടുകളുടെ ധനവിനിയോഗ, പൂർത്തികരണ വിവരങ്ങൾ ഇല്ല. പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | നിക്ഷേപിച്ച തുക (രൂപ)/ഫണ്ടിനം | ബിൽ നം. തീയതി |
|---|---|---|
| 195/20 കലമ്പോട്ടു വിള കാടാശേരി പൈപ്പ് ലൈൻഎക്സ്റ്റൻഷൻ | 95900/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 22/30. 9.19 |
| 218/20 നെടുമ്പായിക്കുളം മുതൽ കലയാംകുളം ജംഗ്ഷൻ വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ. | 150000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 26/18.01.20 |
| 133/20 സെന്റ് ജോൺസ് റോഡ് പൈപ്പ് ലൈൻഎക്സ്റ്റൻഷൻ. | 166900/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 2/30.9.19 |
| | 77000/- (തനതുഫണ്ട്) | ചെക്ക് നം. 2366732/27.11.19 |

പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധമായ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മേൽ പരാമർശിത പ്രവൃത്തികൾ നിലവിൽ പൂർത്തികരിച്ചിട്ടുണ്ടെന്നും വിനിയോഗസാക്ഷ്യപത്രം ലഭിയ്ക്കുന്നതിലേയ്ക്ക് വാട്ടർ അതോറിറ്റിയ്ക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയെങ്കിലും ആയതിനെ സാധൂകരിയ്ക്കുന്ന യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല.

ആയതിനാൽ പദ്ധതികൾക്കായി നിക്ഷേപിച്ച 4,89,800/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരണത്തേയും ആകെ പ്രവൃത്തിമൂല്യം കണക്കാക്കിയ ശേഷം നിക്ഷേപത്തുക ശേഷിക്കുന്നുവെങ്കിൽ ആയത് തിരികെ ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്ക് വരുത്തി രേഖകൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 8/25.6.2021

<u>1-31 കുടിവെള്ളപദ്ധതിയ്ക്കായി തുകനിക്ഷേപിച്ച് മൂന്ന് വർഷമായെങ്കിലും ആദ്യഘട്ടംപോലും പൂർത്തിയായില്ല,എസ്റ്റിമേറ്റിലും പിഴവുകൾ.</u>

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി സ്പിൽ ഓവർ പ്രോജക്ടായി നടപ്പിലാക്കിയ ചിറക്കോണം ഗംഗാ ക്ലബ്ബിന് സമീപം കുഴൽക്കിണർ, പൈപ്പ് ലൈൻ ടാങ്ക് എന്നിവ സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി (പ്രോനം 131/20) പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 25.09.19 ലെ ബിൽനം 16 പ്രകാരം 211090/- രൂപ നിർവഹണ ഏജൻസിയായ ഭൂജലവകുപ്പിൽ ഒടുക്കിയിട്ടുണ്ട്. ഭൂജല വകുപ്പ് നൽകിയ 911090/- രൂപയുടെ എസ്റ്റിമേറ്റിനെ ആധാരമാക്കി 2018 -19 ൽ 7 ലക്ഷം രൂപ ഒടുക്കിയതിന്റെ തുടർച്ചയായാണ് തൻ വർഷം ശേഷിക്കുന്ന തുക ഒടുക്കിയിട്ടുള്ളത്.
എസ്റ്റിമേറ്റ് പ്രകാരം നിശ്ചയിച്ച പ്രവൃത്തികളായ കുഴൽക്കിണർ നിർമാണം, സബ് മേഴ്സിബിൾ പമ്പും അനുബന്ധ സാമഗ്രികളും സ്ഥാപിയ്ക്കൽ, പമ്പിംഗിനും ജലവിതരണത്തിനുമുള്ള

സംവിധാനങ്ങൾ ഒരുക്കൽ എന്നിവയ്ക്കുള്ള മുഴുവൻ തുകയും ഒടുക്കിയെങ്കിലും പ്രവൃത്തിയുടെ ആദ്യഘട്ടമായ കുഴൽക്കിണർ നിർമാണം പോലും നിർവഹിക്കപ്പെട്ടതായി വ്യക്തമാക്കുന്ന രേഖകളില്ല.

ഭൂജലവകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഇനം നമ്പർ 13 ആയി “Supply And Fixing Of Hydrant Including All Materials And Labour Charge” എന്ന വിവരണത്തിൽ 20 പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിനായി 36107.60/- രൂപ ഉൾപ്പെടുത്തിയിട്ടുള്ളതായി എസ്റ്റിമേറ്റ് പരിശോധനയിൽ വ്യക്തമാകുന്നു. എന്നാൽ കുടിവെള്ള പദ്ധതികളുടെ ഭാഗമായി പൊതുടാപ്പുകൾ നൽകാൻ പാടില്ലാത്തതാണെന്നും പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തി ഗുണഭോക്തൃഗ്രൂപ്പ് രൂപീകരിക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധമായ 14-2-2018 ലെ ജി.ഒ.(പി)നം.22/18/ത.സ്വ.ഭ.വ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി കാലയളവ് മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ മാർഗരേഖകളായ 29.09.2012 ലെ ജി.ഒ.(എം.എസ്)നം.248/12/തസ്വഭവ, 16.11.2013 ലെ ജി.ഒ.(എം.എസ്)നം.362/13/തസ്വഭവ,.11.01.2016 ലെ ജി.ഒ.(എം.എസ്)നം.04/16/തസ്വഭവ, 03.04.2017 ലെ ജി.ഒ.(എം.എസ്)നം.80/17/തസ്വഭവ എന്നിവ പ്രകാരവും ഇതേ മാർഗനിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്.

പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധമായ വിശദീകരണവും മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായി പൊതു ടാപ്പുകൾക്കായി പണം ഒടുക്കിയതിന്റെ കാരണവും തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പദ്ധതിയ്ക്കായി സാദ്ധ്യതാപഠനം നടത്തി ടെണ്ടർ ചെയ്തുവെങ്കിലും കുഴിച്ച കിണർ പാറയുള്ള സ്ഥലത്തായതിനാൽ വെള്ളം ലഭിച്ചില്ലെന്നും തുടർന്ന് കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ചുവെന്നും ഭൂജലവകുപ്പ് അറിയിച്ചതായും പുതിയസ്ഥലത്ത് കിണർ കുഴിക്കുന്നതിന് പലതവണ അറിയിപ്പ് നൽകിയെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലായെന്നും സാങ്കേതിക പരിജ്ഞാനം ഇല്ലാത്തതിനാൽ എസ്റ്റിമേറ്റിൽ പൊതുടാപ്പുകൾ ഉൾപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടില്ലായെന്നും മറുപടി നൽകിയിട്ടുണ്ട്.

കുടിവെള്ളപദ്ധതി ആദ്യഘട്ടംപോലും പൂർത്തിയായിട്ടില്ലാത്ത സാഹചര്യത്തിൽ പദ്ധതിയ്ക്കായി തൻവർഷം നിക്ഷേപിച്ച 211090/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. പൊതുടാപ്പുകൾ ഒഴിവാക്കി പ്രവൃത്തി പൂർത്തീകരിച്ച് പ്രവൃത്തിപൂർത്തീകരണത്തേയും ആകെ പ്രവൃത്തിമൂല്യം കണക്കാക്കിയ ശേഷം നിക്ഷേപത്തുക ശേഷിക്കുന്നുവെങ്കിൽ ആയത് തിരികെ ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്ക് വരുത്തി രേഖകൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം – 8/25.06.2021

## 1-32 തെരുവു വിളക്കുകൾക്കായി വാങ്ങിയ എൽ ഇ ഡി യൂണിറ്റുകൾ സ്ഥാപിച്ചതിനും സൂപ്പർ വിഷൻ ചാർജ് ഒടുക്കിയതിനും രേഖകളില്ല.

ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ LED തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനായി സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ പ്രകാരം തെരുവു വിളക്കുകൾക്കായി വാങ്ങിയ എൽ ഇ ഡി യൂണിറ്റുകൾ മുഴുവനും സ്ഥാപിച്ചുവെന്നും പ്രസ്തുത പ്രവൃത്തിക്ക് കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചുവെന്നും വ്യക്തമാക്കുന്ന രേഖകളില്ല. രണ്ടു വർഷം ഗ്യാരണ്ടിയുള്ള പ്രസ്തുത

തെരുവ് വിളക്കുകൾ ഗ്യാരണ്ടി കാലയളവിൽ കേടാകുന്നപക്ഷം തിരിച്ചറിഞ്ഞ് തുടർനടപടി സ്വീകരിക്കുന്നതിന് ഉപയുക്തമാവുന്ന യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല.

LED തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തപ്പെട്ട യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് (UEI )കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയും സ്ഥാപിക്കുന്നതിനായി പ്രസ്തുത സ്ഥാപനം തിരികെ കൈപ്പറ്റുകയും ചെയ്ത തെരുവുവിളക്കുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ. നം/ പേര് | വാങ്ങിയ LED ലൈറ്റ് സിസ്റ്റം എണ്ണം/തരം | ഇൻവോയ്സ് നം/തീയതി | തൻവർഷം ചെലവഴിച്ച തുക, | ബിൽ നം./ തീയതി. |
|---|---|---|---|---|
| 212/20 LED തെരുവ് വിളക്ക് സ്ഥാപിക്കൽ | 160/25W | 452/25.10.19 | 413995/- | 25/18.1 20 |
| 202/20 പുതുശേരി ക്കോണം നെടുമ്പായിക്കുളം അറുപുറക്കോണം ചീരങ്കാവ് റോഡിൽ LED വിളക്കുകൾ സ്ഥാപിക്കൽ | 96/25 W | 508/19.11.19 | 14900 | 1660726/26.3.20 |
| | | | 1,00.000/- (2020-21) | - |
| 117 /20 പത്താം വാർഡിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ | 115/25W | 409/5.10.19 | 299000/- | 24/18.1.20 |

എന്നാൽ തൻവർഷം ആകെ വാങ്ങിയ 371 LED തെരുവ് വിളക്കുകളിൽ 106 എണ്ണം സ്ഥാപിക്കുന്നതിനുള്ള സൂപ്പർവിഷൻ ചാർജ് മാത്രമാണ് KSEB യിൽ ഒടുക്കിയിട്ടുള്ളത്. LED തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി സൂപ്പർവിഷൻ ചാർജ് ഇനത്തിൽ KSEB എഴുകോൺ സെക്ഷൻ അസി. എൻജിനിയറുടെ Demand Notice കൾ പ്രകാരം ഒടുക്കിയ തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഡിമാന്റ് നോട്ടിസ് നം/ തീയതി | വിവരണം | തുക | ഒടുക്ക് വിവരങ്ങൾ |
|---|---|---|---|
| DB21/19-20/ LED - Supr/AE -EZN/95<br>തീയതി 15.10.19 | പ്രോ. നം. 212/20<br>LED തെരുവ് വിളക്ക് സ്ഥാപിക്കൽ<br>52 പോസ്റ്റുകളിൽ LED തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള സൂപ്പർവിഷൻ ചാർജ് 1294/- രൂപ<br>പ്രോ. നം. 202 / 20<br>പുതുശേരി ക്കോണം നെടുമ്പായിക്കുളം അറുപുറക്കോണം ചീരങ്കാവ് റോഡിൽ LED വിളക്കുകൾ സ്ഥാപിക്കൽ<br>33 പോസ്റ്റുകളിൽ LED തെരുവ് വിളക്കുകൾ | 2115/- | ചെക്ക് നം.593011/23.10.19 |

| | | | |
|---|---|---|---|
| | സ്ഥാപിക്കുന്നതിനുള്ളസൂപ്പർ വിഷൻ ചാർജ്<br>821/- രൂപ | | |
| DB21/19-20/ AE - EZN/STREET LIGHT/82തീയതി26.09.19 | പ്രോ. നം. 117 /20<br>പത്താം വാർഡിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ<br>21 പോസ്റ്റുകളിൽ LED തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ളസൂപ്പർ വിഷൻ ചാർജ്<br>522 /-രൂപ | 522 | ചെക്ക് നം.591712/28.09.19 |

KSEB എഴുകോൺ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ 29.10.19 ലെ DB21/19.20/ AE-EZN/UC/105/Dtd-29 10.19 പ്രകാരം 117/20, 202/20, 212/20 എന്നീ പ്രോജക്ടുകൾ പ്രകാരം LED ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള സൂപ്പർ വിഷൻ ചാർജിനത്തിൽ യഥാക്രമം 522/- രൂപയും 821/-രൂപയും 1294/- രൂപയും ഒടുക്കിയിട്ടുണ്ടെന്നും പഞ്ചായത്ത് ചുമതലപ്പെടുത്തിയ ഏജൻസി പ്രവൃത്തി പൂർത്തീകരിച്ചതായും സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും KSEB യുടെ മേൽനോട്ടത്തിൽ എത്ര പോസ്റ്റുകളിൽ എത്ര തെരുവുവിളക്കുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കിയിട്ടില്ല.

പ്രോ. നം. 117/20, 202/20, 212/20 എന്നിവ പ്രകാരം KSEB യുടെ മേൽനോട്ടത്തിൽ എത്ര പോസ്റ്റുകളിൽ എത്ര തെരുവുവിളക്കുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രം, LED തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തപ്പെട്ട UEI കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും തൻവർഷം വാങ്ങിയതും സ്ഥാപിക്കുന്നതിനായി പ്രസ്തുത സ്ഥാപനം തിരികെ കൈപ്പറ്റിയതുമായ തെരുവുവിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, LED തെരുവുവിളക്കുകൾക്ക് 2 വർഷ ഗ്യാരണ്ടി ലഭ്യമാകലിനെയും മേൽ സൂചന തെരുവുവിളക്കുകൾ സ്ഥാപിച്ചതിനെത്തുടർന്ന് തെരുവു വിളക്കുകളുടെ താരിഫിൽ വ്യതിയാനം വന്നിട്ടുണ്ടെങ്കിൽ ആയതിനെയും നിലവിലുണ്ടായിരുന്ന തെരുവുവിളക്കുകൾ ഡിസ്മാന്റിൽ ചെയ്തിട്ടുണ്ടെങ്കിൽ ആയതിനെയും സാധൂകരിക്കുന്ന രേഖകൾ എന്നിവ തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മേൽ സൂചന പ്രോജക്ടുകളിലായി 25 വാട്ടിന്റെ 371 എൽഇഡി ബൾബുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഇതിൽ 106 എണ്ണം സ്ഥാപിച്ചിട്ടുള്ളത് തെരുവുവിളക്കുകളില്ലാത്ത പോസ്റ്റുകളിലാണെന്നും ശേഷിക്കുന്ന 265 എണ്ണം നിലവിൽ കേടായ ബൾബുകൾ മാറ്റി സ്ഥാപിച്ചതാണെന്നും പ്രസ്തുത പോസ്റ്റുകൾക്ക് മുൻപ് സൂപ്പർ വിഷൻ ചാർജ് അടച്ചിട്ടുള്ളതിനാൽ ഇനി അടവാക്കേണ്ടതില്ലായിരുന്നുവെന്നും എത്ര പോസ്റ്റുകളിലായി എത്ര തെരുവുവിളക്കുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രം കെ എസ് ഇ ബിയിൽ നിന്നും ലഭ്യമാക്കി ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. കൂടാതെ എൽ ഇ ഡി തെരുവുവിളക്കുകൾ വാങ്ങിയതും സ്ഥാപിക്കുന്നതിനായി നൽകിയതുമായ വിവരങ്ങൾ രജിസ്റ്ററിലും രണ്ട് വർഷ ഗ്യാരണ്ടി വിവരം കരാറിലും രേഖപ്പെടുത്തിയിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കുന്നു.

യൂണിറ്റ് ഒന്നിന് 2600/- രൂപ നിരക്കിൽ വാങ്ങിയ 25 W LED Manual Street Light System With All Accessories എന്ന ഇനത്തിൽപ്പെട്ട 265 തെരുവു വിളക്ക് യൂണിറ്റുകൾ നിലവിലുണ്ടായിരുന്നതും കേടായതുമായ തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി

ഉപയോഗിച്ചുവെന്നതുംപ്രസ്തുത 265 പോസ്റ്റുകൾക്ക് മുൻപ് സൂപ്പർ വിഷൻ ചാർജ് അടച്ചിട്ടുള്ളതിനാൽ ഇനി അടക്കേണ്ടതില്ലായെന്നതും അംഗീകരിക്കാവുന്ന വസ്തുതകളല്ല. നിലവിലുണ്ടായിരുന്നതും കേടായതുമായ തെരുവു വിളക്കുകൾ മാറ്റി തൽസ്ഥാനത്ത് പുതിയ LED തെരുവു വിളക്ക് യൂണിറ്റുകൾ സ്ഥാപിക്കണമെങ്കിൽ ആയതിന് കെ എസ് ഇ ബിയിൽ സൂപ്പർ വിഷൻ ചാർജ് ഒടുക്കണമായിരുന്നു. പോസ്റ്റുകൾക്ക് സൂപ്പർ വിഷൻ ചാർജ് മുൻകൂർ ഒടുക്കുന്ന രീതി നിലവിലില്ലാത്തതിനാലും 265 LED തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് തൻ വർഷം സൂപ്പർ വിഷൻ ചാർജ് ഒടുക്കിയിട്ടില്ലാത്തതിനാലും പ്രസ്തുത മറുപടി അംഗീകരിക്കാനാവില്ല.

വിവിധ പ്രോജക്ടുകൾക്കായി UEI നൽകിയ തെരുവുവിളക്കുകൾ മുഴുവനും അന്നേ ദിവസം തന്നെ തിരികെ നൽകി എന്ന വിധത്തിലാണ് Register Of Street Lights ൽ രേഖപ്പെടുത്തിയിരിക്കുന്നത്.

2 വർഷ ഗ്യാരണ്ടിയുള്ള എൽ ഇ ഡി യൂണിറ്റുകൾ ഏതേത് പോസ്റ്റുകളിൽ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുന്ന രേഖകളുണ്ടെങ്കിൽ മാത്രമേ പ്രസ്തുത തെരുവു വിളക്കുകൾ 2 വർഷത്തിനുള്ളിൽ കേടാകുന്ന പക്ഷം ആയത് തിരിച്ചറിഞ്ഞ് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്നിരിക്കെ ആയതിന് ഉപയുക്തമാവുന്ന യാതൊരു രേഖകളും സൂക്ഷിക്കാതെ ഗ്യാരണ്ടി വിവരം കരാറിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് മറുപടി നൽകിയിരിയ്ക്കുന്നത്പദ്ധതി നിർവഹണത്തിലെ വീഴ്ച വെളിവാക്കുന്നു. പ്രസ്തുത തെരുവു വിളക്കുകൾ സ്ഥാപിച്ചതിനെത്തുടർന്ന് തെരുവുവിളക്കുകളുടെ വൈദ്യുതി താരിഫിൽ വ്യതിയാനം വന്നിട്ടുണ്ടോയെന്നും നിലവിലുണ്ടായിരുന്നതും കേടായതുമായ തെരുവുവിളക്കുകൾ ഡിസ്മാന്റിൽ ചെയ്തിട്ടുണ്ടോയെന്നുമുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള തെരുവുവിളക്കുകളിൽ 40 വാട്ടിന്റെ 575 ഓർഡിനറി ബൾബുകളും 60 വാട്ടിന്റെ 19 ഓർഡിനറി ബൾബുകളും 100 വാട്ടിന്റെ 7 ഓർഡിനറി ബൾബുകളും ഉൾപ്പെടുന്നതായി കെ.എസ്.ഇ.ബി യുടെ സാക്ഷ്യപത്രത്തിൽ നിന്നും വ്യക്തമാവുന്നു. പ്രോ. നം. 117/20 പ്രകാരം എൽ ഇ ഡി തെരുവു വിളക്ക് യൂണിറ്റുകൾ സ്ഥാപിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന അതേ പോസ്റ്റുകളിൽത്തന്നെ പ്രോ. നം. 6/20 പ്രകാരം ഫ്ലൂറസെന്റ് ട്യൂബുകളുടെ അറ്റകുറ്റപ്പണി നടത്തിയിരിക്കുന്നു. മേൽസൂചന അപാകതകൾ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ തെരുവു വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കുന്നതിലും മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നതിലും ഭരണനിർവഹണാധികാരികൾക്കുള്ള അനാസ്ഥ വെളിവാക്കുന്നു.

സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി എൽ.ഇ.ഡി തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഉപയോഗശൂന്യമായ തെരുവു വിളക്കുകൾ ഡിസ്മാന്റിൽ ചെയ്യുന്നതിനും വാങ്ങലും സ്ഥാപിക്കലും പരിപാലനവും സംബന്ധമായ രേഖകൾ കൃത്യതയോടെ സൂക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

തൻവർഷം വാങ്ങിയ എൽ.ഇ.ഡി തെരുവു വിളക്കുകൾ മുഴുവനും സ്ഥാപിച്ചുവെന്നതിനെയും പ്രസ്തുത പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചുവെന്നതിനെയും സാധൂകരിക്കുന്ന രേഖകളുടെ അഭാവത്തിൽ പ്രസ്തുത വാങ്ങലുകൾക്കായി ചെലവഴിച്ച 727895/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

തൻവർഷം വാങ്ങിയതും രണ്ടു വർഷം ഗ്യാരണ്ടിയുള്ളതുമായ എൽ.ഇ.ഡി തെരുവു വിളക്കുകൾ കെ.എസ്.ഇ.ബി മേൽനോട്ടത്തിൽ ഏതേത് പോസ്റ്റുകളിൽ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കി തടസം തീർപ്പാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 13/24.06.21

തടസ്സപ്പെടുത്തിയ തുക – 727895/- രൂപ

**1-33 തെരുവുവിളക്കുകൾക്കായി ലൈൻ ദീർഘിപ്പിക്കൽ- ധനവിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ഇല്ല.**

വിവിധ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി നൽകിയ ഡിമാന്റ് നോട്ടീസിനെ ആധാരമാക്കി തുക നിക്ഷേപിച്ച് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടെ ധനവിനിയോഗ വിവരങ്ങളോ പൂർത്തികരണ വിവരങ്ങളോ ഇല്ല.

പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ. നം/ പേര് | KSEB ഡിമാന്റ് നോട്ടീസ് നം./ തീയതി | നിക്ഷേപിച്ച തുക (രൂപ) | ബിൽ നം. തീയതി |
|---|---|---|---|
| 136/20 മുകളിൽ ജം. മുട്ടത്തേലിൽകാവ് മുകളിൽ ജം. കോളന്നൂർ മൂർത്തിക്കാവ് ഭാഗത്ത് പോസ്റ്റിട്ട് ലൈൻ വലിക്കൽ (അടങ്കൽ – 63687/-, ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | AE/ES-EZN/DB2/18-19/48 Dtd.13.12.18 | 63531/- | 1/ 06.06.19 |
| 137/20 മൂന്നാം വാർഡിൽ പനവിളഭാഗം മുതൽ കുമരൻകുന്നിൽ വരെ ഭാഗം പോസ്റ്റിട്ട് ലൈൻ വലിക്കൽ (അടങ്കൽ – 180000/-, ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | AE/ES-EZN/DB2/18-19/49 Dtd.13.12.18 | 178558/- | 2/ 06.06.19 |
| 138/20 ആറാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (അടങ്കൽ – 61856/-, ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | DB13/18-19/162 Dtd.25.10.18 | 55490/- | 3/06.06.19 |
| 179 / 20 മൂന്നാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ പോസ്റ്റിട്ട് ലൈൻ വലിക്കൽ (അടങ്കൽ – 137050, ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | AE/ES-EZN/DB2/19-20/126 Dtd.19.11.19 | 137050/- | 32/18.03.20 |
| 223 / 20 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ. (അടങ്കൽ – 150000, വികസന ഫണ്ട് – ജനറൽ) | DB13/19-20/129 Dtd.15.11.19<br>DB13/19-20/166 Dtd.31.01.20 | 48552/-<br>45458/- | 33/28.02.20<br>35/28.02.20 |

ധനവിനിയോഗ പൂർത്തികരണ വിവരങ്ങളുടെ അഭാവത്തിൽ പ്രസ്തുത പ്രോജക്ടുകൾക്കായി ചെലവഴിച്ച 5,28,639/- ഓഡിറ്റിൽ തടസപ്പെടുത്തുന്നു. പ്രവൃത്തിപൂർത്തീകരണത്തേയും ആകെ പ്രവൃത്തിമൂല്യം കണക്കാക്കിയ ശേഷം നിക്ഷേപത്തുക ശേഷിക്കുന്നവെങ്കിൽ ആയത് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ട്/സഞ്ചിതനിധിയിൽ ഒടുക്ക് വരുത്തിയതിനെയും സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 13/24.6.2021

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 അനുവദിക്കാവുന്നതിലും അധികം ആർജ്ജിതാ അവധി പണമാക്കാൻ അനുവദിച്ചു.6658/- രൂപ തിരികെ ഈടാക്കിയിട്ടില്ല

പഞ്ചായത്ത് വകുപ്പിലെ ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ആർജ്ജി താവധി കണക്കാക്കുന്നത് 15 ദിവസത്തെ ഡ്യൂട്ടിക്ക് ഒന്ന് എന്ന നിലയിലും ഒരു വർഷം പണമാക്കാൻ അനുവദിക്കുന്ന അവധി പരമാവധി 20 എണ്ണവുമാണ് എന്നും 29-2-84 ലെ സർക്കാർ ഉത്തരവ് (എം.എസ്.) 39/84 LA&SWD ൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ജീവനക്കാരുടെ ആർജ്ജിതാവധി സംബന്ധിച്ച് 29-2-84 ലെ ഉത്തരവു തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നതെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 3-8-20 ലെ PAN 5191/20- E9 (DP) 10 സ്പഷ്ടീകരണത്തിലും സൂചിപ്പിച്ചിട്ടുണ്ട്. ആകയാൽ ഗ്രാമ പഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പറായ ശ്രീമതി സലീമ. എസ്സ് -ന് 1-4-19 പ്രാബല്യത്തിൽ 30 ആർജ്ജിതാവധി പണമാക്കാൻ അനുവദിച്ചത് ക്രമമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ജീവനക്കാരുടെ പേര് | ആർജ്ജിതാവധി പണമാക്കാൻ അനുവദിച്ചത് | ആർജ്ജിതാവധി പണമാക്കാൻ അനുവദി ക്കാവുന്നത് | അധികം അനുവദിച്ചത് |
|---|---|---|---|
| ശ്രീ. സലീമ, ഫുൾ ടൈം സ്വീപ്പർ | 30 ദിവസം 19975/-ചെക്ക് നം 587563/20-4-19 | 13317/20 ദിവസം | 6658/- |

തുക തിരികെ ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക തിരികെ ഈടാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ അധികം നൽകിയ 6658/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 10/24-6-21

നിരാകരിച്ച തുക – 6658/-

3-2 പാലിന്റെ അളവ് അധികമായി രേഖപ്പെടുത്തി സബ്സിഡി നൽകി.

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന്റെ അളവിനെ ആധാരമാക്കി സബ്സിഡി നൽകണമെന്നിരിക്കെ കർഷകർ സംഘത്തിൽ നല്കിയതിനേക്കാൾ അധികമായി പാലിന്റെ അളവ് രേഖപ്പെടുത്തി സബ്സിഡി നൽകിയതിലൂടെ 21293/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും നഷ്ടമായി.

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പാലിന് സബ്സിഡി എന്ന പ്രോജക്റ്റിൽ (പ്രോ നം. 22/20) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ക്ഷീരകർഷകർ ക്ഷീര സഹകരണ സംഘങ്ങളിൽ നൽകുന്ന പാലിന്റെ അളവിനെ ആധാരമാക്കി സബ്സിഡി നൽകുന്നതിനാണ് ലക്ഷ്യമാക്കിയിരുന്നത്. എന്നാൽ നെടുമ്പായിക്കുളം ക്ഷീര സഹകരണ സംഘത്തിൽ വിവിധ കർഷകർ നൽകിയ പാലിന്റെ അളവിനേക്കാൾ അധികമായി അളവ് രേഖപ്പെടുത്തി 4/19, 5/19 മാസങ്ങളിൽ ലിറ്ററിന് 3/-രൂപ നിരക്കിലും തുടർന്നുള്ള മാസങ്ങളിൽ ലിറ്ററിന് 4/-രൂപ നിരക്കിലും സബ്സിഡി നൽകിയതായി സബ്സിഡിക്കായി കണക്കാക്കിയ പാലിന്റെ അളവ് സ്റ്റേറ്റ്മെന്റും പ്രസ്തുത സംഘത്തിൽനിന്ന് ഹാജരാക്കിയ പ്രതിമാസ സ്റ്റേറ്റ്മെന്റും തമ്മിലുള്ള താരതമ്യത്തിൽ നിന്നും വ്യക്തമാവുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ക്ഷീരകർഷകരുടെ പേര് | സബ്സിഡിക്കായി കണക്കാക്കിയ പാലിന്റെ അളവ് (ലി ) | സംഘത്തിൽ നൽകിയ പാലിന്റെ അളവ് (ലി ) | വ്യത്യാസം (ലി ) | അധികമായി നൽകിയ തുക | ബിൽനം / തീയതി/ ബിൽത്തുക. |
|---|---|---|---|---|---|---|
| 4/19 | ജിജി സാം | 156 | 89 | 67 | 201 | EZE1/19-20 Dtd.25.09.19 Rs.3,04,903/- |
| | ചന്ദ്രശേഖരപിള്ള | 38 | 9 | 29 | 87 | |
| | സുരേഷ് ബാബു | 634 | 339 | 295 | 885 | |
| | സജി | 100 | 46 | 54 | 162 | |
| | ജയൻ | 426 | 306 | 120 | 360 | |
| | ലതിക | 704 | 536 | 168 | 504 | |
| 5/19 | സുരേഷ് ബാബു | 642 | 286 | 356 | 1068 | |
| | സജി | 204 | 198 | 6 | 18 | |
| | ജയൻ | 399 | 279 | 120 | 360 | |
| | ലതിക | 793 | 573 | 220 | 660 | |
| 6/19 | സുരേഷ് ബാബു | 623 | 262 | 361 | 1444 | |
| | ജയൻ | 426 | 229 | 197 | 788 | |
| | ലതിക | 751 | 550 | 201 | 804 | |
| 7/19 | സുരേഷ് ബാബു | 550 | 268 | 282 | 1128 | |
| | ജയൻ | 330 | 216 | 114 | 456 | |
| | ലതിക | 693 | 532 | 161 | 644 | |
| 8/19 | സുരേഷ് ബാബു | 506 | 207 | 299 | 1196 | Cheque No.0419692 |
| | ലതിക | 649 | 450 | 199 | 796 | |

| | | | | | | |
|---|---|---|---|---|---|---|
| 9/19 | സുരേഷ് ബാബു | 510 | 211 | 299 | 1196 | Dtd29.01.20 Rs.177763/- |
| | ലതിക | 552 | 253 | 299 | 1196 | |
| 10/19 | സുരേഷ് ബാബു | 502 | 203 | 299 | 1196 | |
| | ലതിക | 519 | 320 | 199 | 796 | |
| 11/19 | സുരേഷ് ബാബു | 344 | 145 | 199 | 796 | |
| | ലതിക | 558 | 358 | 200 | 800 | |
| 1/20 | ശോശാമ്മ പണിക്കർ | 837 | 645 | 192 | 768 | EZE4/19-20 Dtd.16.03.20 Rs38181/- |
| | ബിജി അലക്സ് | 503 | 394 | 109 | 436 | |
| | സൂസമ്മ ബാബു | 63 | 48 | 15 | 60 | |
| | പി. കെ കൊച്ചുമ്മൻ | 301 | 241 | 60 | 240 | |
| | ശശികുമാരി | 233 | 197 | 36 | 144 | |
| | സാം കുട്ടി | 118 | 98 | 20 | 80 | |
| | വി. കെ. രാജൻ | 340 | 264 | 76 | 304 | |
| | ഉഷ | 68 | 50 | 18 | 72 | |
| | ഷംല | 662 | 526 | 136 | 544 | |
| | സജി | 127 | 106 | 21 | 84 | |
| | ജയൻ | 318 | 251 | 67 | 268 | |
| | ലതിക | 452 | 356 | 96 | 384 | |
| 2/20 | ശോശാമ്മ പണിക്കർ | 772 | 750 | 22 | 88 | |
| | ബിജി അലക്സ് | 481 | 467 | 14 | 56 | |
| | പി.കെ കൊച്ചുമ്മൻ | 217 | 210 | 7 | 28 | |
| | ശശികുമാരി | 189 | 183 | 6 | 24 | |
| | വി.കെ.രാജൻ | 308 | 297 | 11 | 44 | |
| | ഷംല | 553 | 535 | 18 | 72 | |
| | ജയൻ | 255 | 245 | 10 | 40 | |
| | ലതിക | 305 | 301 | 4 | 16 | |
| ആകെ അധികമായി നൽകിയ തുക 21293/- | | | | | | |

മേൽസൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വിവിധ ക്ഷീര സഹകരണ സംഘങ്ങളിൽ നിന്ന് സെക്രട്ടറി രേഖപ്പെടുത്തി പ്രസിഡണ്ട് ഒപ്പുവച്ച് തരുന്ന സ്റ്റേറ്റ്മെന്റിനെ ആധാരമാക്കിയാണ് സബ്സിഡി നൽകുന്നതെന്നും എന്നാൽ നെടുമ്പായിക്കുളം ക്ഷീര സഹകരണ സംഘത്തിൽ പാലിന്റെ അളവ് മാന്വൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയ ചില മാസങ്ങളിൽ അളവ് രേഖപ്പെടുത്തലിൽ വ്യത്യാസങ്ങൾ വന്നിട്ടുണ്ടെന്നും ഈ ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെടുന്ന കർഷകരിൽ നിന്നും അവർ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി അടച്ചുകൊള്ളാമെന്നും നിർവഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്.

പാലിന് സബ്സിഡിയായി ക്രമരഹിതമായി ചെലവഴിച്ച 21293/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക അനർഹമായി കൈപ്പറ്റിയ കർഷകരിൽ നിന്നും തിരികെ ഈടാക്കി ഒടുക്കാത്തപക്ഷം നിർവഹണോദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിർണയിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം. 14/25.06.21.

നിരാകരിച്ച തുക - 21293/- രൂപ.

<u>3-3 സമത്വ ജംഗ്ഷൻ-മാത്തിലഴികം ഭാഗം പാറയിൽ ലക്ഷംവീട് പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ - 17920/- രൂപ നിരാകരിക്കുന്നു.</u>

പ്രവൃത്തി : സമത്വ ജംഗ്ഷൻ – മാത്തിലഴികം ഭാഗം പാറയിൽ ലക്ഷംവീട് പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം. 189/20)
നിർവ്വഹണ അധികാരി : അസിസ്റ്റന്റ് സെക്രട്ടറി.
കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 500900/-രൂപ (എസ്.സി.പി ഫണ്ട്) പദ്ധതി നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചു. (ബിൽ നം.13/28.9.2019). എസ്റ്റിമേറ്റിൽ പൊതുടാപ്പുകൾക്കുള്ള തുകയും ഉൾപ്പെട്ടിരുന്നതായി എസ്റ്റിമേറ്റ് പരിശോധിച്ചതിൽ വ്യക്തമാകുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

Item No.9. Constructing RCC Portable Type Street Fountain.......(Od 97319/2019-2020) 4 Nos @ Rs. 4480.04/No Rs. 17920.16

കുടിവെള്ള പദ്ധതി/പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികളിൽ പൊതുടാപ്പുകൾക്കായി തുക ചെലവഴിക്കാൻ പാടില്ലാത്തതാണെന്ന് 14-2-2018 ലെ ജി.ഒ.(പി)നം.22/18/ത.സ്വ.ഭ.വ ഉത്തരവിൽ (ഖ – 6-6 കുറിപ്പ് 1) വ്യക്തമാക്കിയിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി കാലയളവ് മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ സബ്സിഡി മാർഗരേഖകളായ 29.09.2012 ലെ ജി.ഒ.(എം.എസ്)നം.248/12/തസ്വഭവ, 16.11.2013 ലെ ജി.ഒ.(എം.എസ്)നം.362/13/തസ്വഭവ,.11.01.2016 ലെ ജി.ഒ.(എം.എസ്)നം.04/16/തസ്വഭവ, 03.04.2017 ലെ ജി.ഒ.(എം.എസ്)നം.80/17/തസ്വഭവ എന്നിവ പ്രകാരവും ഇതേ മാർഗനിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്.
കൂടാതെ നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യ പത്രമോ, പ്രവൃത്തിയുടെ പൂർത്തീകരണ വിവരങ്ങളോ സൂക്ഷിച്ചിരുന്നില്ല. കേരള വാട്ടർ അതോറിറ്റിയുമായി യാതൊരുവിധ കരാറിലും ഏർപ്പെടാതെയായിരുന്നു തുക നൽകിയിരുന്നത്. മേൽ അപാകതകൾ ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനു മറുപടിയായി (ഓഡിറ്റ് എൻക്വയറി നം.11/24.06.2021) കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ 25.06.2021 തീയതിയിലെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. സാങ്കേതിക പരിജ്ഞാനം ഇല്ലാതിരുന്നതിനാൽ എസ്റ്റിമേറ്റിൽ പൊതുടാപ്പുകൾക്കായി തുക വകയിരുത്തിയിരുന്നത് തിരിച്ചറിയാൻ കഴിഞ്ഞില്ല എന്നും ബോധിപ്പിക്കുന്നു. ഈ വിശദീകരണം ഓഡിറ്റ് അംഗീകരിക്കുന്നില്ല. 17920/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.
വിഭാവനം ചെയ്തിരുന്നവിധത്തിൽ പദ്ധതി വിജയകരമായി പൂർത്തീകരിച്ചിട്ടുള്ളതായി പദ്ധതി നിർവ്വഹണാധികാരിയോ, പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉത്തരവാദപ്പെട്ട മറ്റാരെങ്കിലുമോ

ബോദ്ധ്യപ്പെട്ടതായി രേഖയില്ല എന്നതും, ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചപ്പോൾ മാത്രമാണ് വിനിയോഗ സാക്ഷ്യപത്രം പോലും വാങ്ങി സമർപ്പിച്ചത് എന്നതും പദ്ധതി നിർവ്വഹണത്തിലെ അലംഭാവം ആണ്.

നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രപ്രകാരം ബാക്കിയുള്ള 22,918/- രൂപ അടിയന്തിരമായി തിരികെ ഈടാക്കി ബന്ധപ്പെട്ട സർക്കാർ ഫണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 22.06.21 | കെ.എസ്.എ.കെ.എൽ.എം.പി6/765/21. തി: 2.07.2021 |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2,00,000/- | പാലിന് സബ്സിഡി | 2,00,000/- | 0 |
| | | 60,418/- | പാലിന് സബ്സിഡി | 60,418/- | 0 |
| | | 17,000/- | നെല്ലിന് സബ്സിഡി | 17,000/- | 0 |
| | | 38,250/- | നെല്ലിന് സബ്സിഡി | 38,250/- | 0 |
| | | 65,000/- | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 65,000/- | 0 |
| | | 1,00,000/- | എസ്.എൻ.പി | 1,00,000/- | 0 |
| | | 26,62,880/- | ലൈഫ് ഭവന നിർമ്മാണം | 3,82,000 | 22,80,880 |
| | | 43,333/- | ആശ്രയ പദ്ധതി | 43,333/- | 0 |
| ജില്ലാ പഞ്ചായത്ത് | | 38,250/- | നെല്ലിന് സബ്സിഡി | 38,250/- | 0 |
| | | 1,24,000/- | എസ്.എൻ.പി | 1,24,000/- | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ | പ്രവൃത്തിയുടെ പേര് | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | | നമ്പർ/ ചെക്ക് നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 69/20ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 979472/ 17.02.20 | 25868 | - | 25868 |
| കെ.എസ്.ഇ.ബി | 136/20 മുകളിൽ ജംഗ്ഷൻ മുട്ടത്തേലിൽ- കാവ് മുകളിൽ ജംഗ്ഷൻ കൊള്ളന്നൂർ മൂർത്തിവിള ഭാഗത്ത് പോസ്റ്റിട്ട് ലൈൻ വലിക്കൽ | 1/6.06.19 | 63531 | - | 63531 |
| കെ.എസ്.ഇ.ബി | 137/20 മൂന്നാം വാർഡിൽ പനവിള ഭാഗം മുതൽ കുമാരകുന്നിൽ ഭാഗം വരെ പോസ്റ്റിട്ട ലൈൻ വലിക്കൽ | 2/6.06.19 | 178558 | - | 178558 |
| കെ.എസ്.ഇ.ബി | 138/20ആറാം വാർഡിൽ വിവിധസ്ഥലങ്ങളിൽ ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിച്ച സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 3/6.06.19 | 55490 | - | 55490 |
| കെ.എസ്.ഇ.ബി | 179/20 മൂന്നാം വാർഡിൽ വിവിധസ്ഥലങ്ങളിൽ ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിച്ച സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 32/18.03.20 | 137050 | - | 137050 |
| | 180/20 സ്ട്രീറ്റ് മെയിൻ വലിക്കൽ (പരീപ്ര ഭാഗം മുതൽ വെട്ടിലളികം ഭാഗം വരെ പാറയിൽ ലക്ഷംവീട് മുതൽ കിളിത്തട്ടിൽ ഭാഗം വരെ | 14/23.09.19 | 84000 | - | 84000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | 189/20 സമത്വ ജംഗ്ഷൻ ജംഗ്ഷൻ മാത്തിലഴികം ഭാഗം - സമത്വ ജംഗ്ഷൻ പാറയിൽ ലക്ഷംവീട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 13/28.09.19 | 500900 | 477982 | 22918 |
| കേരളാ വാട്ടർ അതോറിറ്റി | 195/21 കലംമ്പോട്ട് വിള കാടാശ്ശേരി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22/30.09.19 | 95900 | - | 95900 |
| കേരളാ വാട്ടർ അതോറിറ്റി | 218/21 നെടുമ്പായിക്കുളം മുതൽ കലയാംകുളം ജംഗ്ഷൻ വരെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 26/18.01.20 | 150000 | - | 150000 |
| കേരളാ വാട്ടർ അതോറിറ്റി | 133/20 പരുത്തംപാറ സെൻറ് ജോൺസ് റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2/30.09.19 | 166900 | - | 166900 |
| ഗ്രൌണ്ട് വാട്ടർ അതോറിറ്റി | 131/20 ചിറക്കണം ഗംഗാ ക്ലബ്ബിന് സമീപം കുഴൽ കിണർ പൈപ്പ് ലൈൻ ടാങ്ക് സ്ഥാപിക്കൽ | 16/25.09.19 | 211090 | - | 211090 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2,20,000/- രൂപ വരവുണ്ട്. മുൻബാക്കി 68,97,195/- രൂപയടക്കം 71,17,195/- രൂപയിൽ. 71,17,195/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Hudco | | 1,84,80,000 | 1,84,80,000/- | 12,50,000 | - | 1,72,30,000 |

| | | |
|---|---|---|
| Loan | | |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 35 | 2004-05 | 2.1.2.(1) | കുട്ടുകൃഷിക്ക് ട്രാക്ടർ വാങ്ങിയത് കർഷകർക്ക് പ്രയോജനപ്പെട്ടില്ല | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 1997-98 | 51 | 2004-05 | 2.1.2.(2) | നിയമവിരുദ്ധമായി മുൻകൂർ നൽകിയ റോഡ് പുനരുദ്ധാരണ വേല പൂർത്തിയാക്കിയായില്ല. | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 1997-98 | 54 | 2004-05 | 2.1.2.(3) | അനാവശ്യമായി ടെലിവിഷൻ സെറ്റുകൾ വാങ്ങി പദ്ധതി പണം 1.6 ലക്ഷം രൂപ നഷ്ടപ്പെടുത്തി | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2007-08 | 3(3) | 2010-11 | 5.4.3.(1) | ലക്ഷം വീട് ഒറ്റവീടാക്കൽ പദ്ധതി മാർഗ്ഗരേഖ ലംഘിച്ച് ചെലവ്. | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 6658/- | ശ്രീമതി. ജിജിമോൾ അലക്സ്, സെക്രട്ടറി |
| 3-2 | | 21293/- | ശ്രീമതി. ആശ സി. പി, ഡയറി ഫാം ഇൻസ്പെക്ടർ |
| 3-3 | | 17920/- | ശ്രീമതി. സുശീല. ഇ, അസിസ്റ്റന്റ് സെക്രട്ടറി |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 1,20,600/- | ശ്രീമതി. സൂസമ്മ മാത്യു, ഹെഡ്മിസ്ട്രസ് |
| 1-25 | 2,40000 | ശ്രീമതി. ജിജിമോൾ അലക്സ്, സെക്രട്ടറി |
| 1-30 | 489800/- | ശ്രീ. എം വിജയൻ, സെക്രട്ടറി |
| 1-31 | 211090/- | ശ്രീ. എം വിജയൻ, സെക്രട്ടറി |
| 1-32 | 727895/- | ശ്രീ. എം വിജയൻ, സെക്രട്ടറി |
| 1-33 | 528639/- | ശ്രീമതി. ജിജിമോൾ അലക്സ്, സെക്രട്ടറി<br>ശ്രീ. എം വിജയൻ, സെക്രട്ടറി |

<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

31500/- (ഖണ്ഡിക 1-7-2)

<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ജിജിമോൾ അലക്സ്, സെക്രട്ടറി | സെക്രട്ടറി,<br>പേരയം ഗ്രാമപഞ്ചായത്ത് | ആനന്ദ ഭവനം, കുമ്പളം പി ഒ, കൊല്ലം |
| ശ്രീ. എം. വിജയൻ, സെക്രട്ടറി | സെക്രട്ടറി,<br>കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത് | മനത്തറവീട്, പേരയം,<br>പടപ്പക്കര,<br>മുളവന, കൊല്ലം |
| ശ്രീമതി. സൂസമ്മ മാത്യു, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ് | പാറശ്ശേരി വീട്, മുട്ടറ, വെളിയം. |
| ശ്രീമതി. ആശ സി. പി. | ഡയറി ഫാം ഇൻസ്പെക്ടർ, | അഭിലാഷ് ഭവൻ, വാളിയോട് |

| | | |
|---|---|---|
| | എഴുകോൺ ഗ്രാമപഞ്ചായത്ത് | പി ഒ, അമ്പലംകുന്ന് |
| ശ്രീമതി. സുശീല. ഇ. | അസിസ്റ്റന്റ് സെക്രട്ടറി, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | വാഴത്ത്, നാന്തിരിക്കൽ, വെള്ളിമൺ പി. ഒ, പെരിനാട്. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1988-89 | കെ.എസ്.എ-കെ.എൽ.എം-പി-6/373/18/23-04-2018 | 7, 8, 10(ബി), 10(സി), 11, 25 |
| 1989-90& 1990-91 | കെ.എസ്.എ-കെ.എൽ.എം-പി-6/373/18/23-04-2018 | 1, 15, 16, 17, 20, 21 |
| 1991-92 | കെ.എസ്.എ-കെ.എൽ.എം-പി-6/373/18/23-04-2018 | 2, 12, 14 മുതൽ 40 വരെ |
| 1992-93 &1993-94 | കെ.എസ്.എ-കെ.എൽ.എം-പി-6/373/18/23-04-2018 | 2, 7(എ, ബി, സി, ഡി, ഇ) 8, 9, 11, 12, 14, 18, 19, 20, 22, 23, 24, 25, 26, 29, 30, 31, 32, 39 |
| 1995-96 | കെ.എസ്.എ-കെ.എൽ.എം-പി-6/373/18/23-04-2018 | 14(2), 15(1, 2, 3, 4), 16 |
| 1996-97 | കെ.എസ്.എ-കെ.എൽ.എം-പി-6/373/18/23-04-2018 | 27 (എ) |
| 1997-98 | കെ.എസ്.എ-കെ.എൽ.എം-പി-6/373/18/23-04-2018 | എല്ലാ ഖണ്ഡികകളും |
| 1998-99-വരവ് | കെ.എസ്.എ-കെ.എൽ.എം-പി-6/373/18/23-04-2018 | 11, 12, 13 |
| 1998-99-ചെലവ് | കെ.എസ്.എ-കെ.എൽ.എം-പി-6/373/18/23-04-2018 | 8, 15, 16, 21, 22, 25, 26, 27, 29 |
| 1999-00 | കെ.എസ്.എ-കെ.എൽ.എം-പി-6/373/18/23-04-2018 | 4, 7, 8, 9(ബി, ഡി, ഇ, ജി, എച്ച്, ഐ, ജെ), 10 (എ), 13 |
| 2000-01 | എൽ.എഫ്.ക്യു.പി3-1203/14/13.06.14 | എല്ലാ ഖണ്ഡികകളും |
| 2001-02 | എൽ.എഫ്.ക്യു.പി3-1203(2)/14/13.06.14 | 2-2, 2-4, 3-1, 3-2, 3-3, 3-5, 3-7, |

| | | |
|---|---|---|
| | | 3-10 (1, 2, 4, 7, 11), 3-11 (13, 15, 16, 17, 18, 20, 21, 22, 24, 25, 26, 27, 34, 35) 3-14, 3-15, 3-16, 3-19, 3-20 |
| 2002-03 | എൽ.എഫ്.ക്യൂ.പി3-1203(3)/14/13.06.14 | 2-1, 2-2, 2-3, 2-4, 2-7, 3-3, 3-5, 3-6, 3-7, 3-12, 3-13 |
| 2003-04 | എൽ.എഫ്.ക്യൂ.പി3-1203(4)/14/13.06.14 | 3-1, 3-3, 3-5, 3-7, 3-8, 3-9, 3-11(1, 2), 3-13 (1 മുതൽ 7 വരെ), 3-14, 3-16 |
| 2004-05 | എൽ.എഫ്.ക്യൂ.പി3-1203(5)/14/13.06.14 | 3-2, 3-5, 3-7, 3-8, 3-9 |
| 2005-06 | എൽ.എഫ്.ക്യൂ.പി3-1203(6)/14/13.06.14 | 2-1 (എ), 2-1(ബി), 2-2(10), 3-1, 3-5, 3-6 |
| 2006-07 | എൽ.എഫ്.ക്യൂ.പി6-813(1)/19/12.06.19 | 2-5, 2-6(1), 3-1, 3-2, 2-7(സി) |
| 2007-08 | എൽ.എഫ്.ക്യൂ.പി6-813(2)/19/12.06.19 | 3-3, 3-9 |
| 2008-09 | എൽ.എഫ്.ക്യൂ.പി6-813(3)/19/12.06.19 | 2-3, 2-4 |
| 2009-10 | എൽ.എഫ്.ക്യൂ.പി6-813(4)/19/12.06.19 | 3-9, 3-10, 3-16 |
| 2010-11 | എൽ.എഫ്.ക്യൂ.പി6-813(5)/19/12.06.19 | 2-1, 2-3, 3-1, 3-11, 3-13, 3-14 |
| 2011-12 | എൽ.എഫ്.ക്യൂ.പി3-1806/13/14.08.13/19.09.13 | എല്ലാ ഖണ്ഡികകളും |
| 2012-13 | എൽ.എഫ്.ക്യൂ.പി3-4/15/12.02.15 | എല്ലാ ഖണ്ഡികകളും |
| 2013-14 & 2014-15 | കെ.എസ്.എ-കെ.എൽ.എം-പി3/860/2016/08.06.2016 | എല്ലാ ഖണ്ഡികകളും |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി3-40/17/14.02.17 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി-6/162/17/11.9.17 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി6/1484/2018/ | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി6/58/2020/12.05.2020 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-3</u>

<u>അനുബന്ധപത്രികകൾ</u>

<table>
<tr><td>1</td><td>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</td><td rowspan="3">സംക്ഷിപ്തം (Audited Abstract)</td></tr>
<tr><td>2</td><td>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</td></tr>
<tr><td>3</td><td>ബാലൻസ് ഷീറ്റ്</td></tr>
</table>

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.